# മൂപ്പന്മാരുടെയും ഉത്തരവാദിത്തപ്പെട്ടവരുടെയും അന്തർദേശീയ പരിശീലനം

മാർച്ച് 2026

പൊതുവിഷയം:

**വചനത്തിന്റെ ശുശ്രൂഷയും**
**ദൈവത്തിന്റെ വ്യവസ്ഥയ്ക്കുവേണ്ടിയുള്ള ദൈവത്തിന്റെ പകർച്ചയും**

ദൂത് മൂന്ന്

## ശരീരത്തിനുവേണ്ടി ജീവൻ ശുശ്രൂഷിക്കുന്നു

JL *Hymns*: ML193, ML265

തിരുവെഴുത്ത് വായന: 1 യോഹ. 5:14-17; യോഹ. 15:4-5, 7; റോമ. 12:4-5

| | |
|---|---|
| 1 യോഹ. 5:14 | അവന്റെ ഹിതപ്രകാരം നാം എന്തു ചോദിച്ചാലും, അവൻ നമ്മെ കേൾക്കുന്നു എന്നത് നമുക്ക് അവനോടുള്ള ധൈര്യമാകുന്നു. |
| 1 യോഹ. 5:15 | നാം എന്തു ചോദിച്ചാലും അവൻ നമ്മെ കേൾക്കുന്നു എന്ന് അറിയുന്നുവെങ്കിൽ, നാം അവനിൽനിന്ന് ചോദിച്ചിരിക്കുന്ന അപേക്ഷകൾ നമുക്കുണ്ടെന്നു നാം അറിയുന്നു. |
| 1 യോഹ. 5:16 | ആരെങ്കിലും തന്റെ സഹോദരൻ മരണത്തിനല്ലാത്ത പാപം ചെയ്യുന്നതായി കാണുന്നു എങ്കിൽ, അവൻ ചോദിക്കേണം, അവൻ അവന് ജീവൻ നൽകുകയും ചെയ്യും, മരണത്തിനല്ലാത്ത പാപം ചെയ്യുന്നവർക്കു തന്നെ. മരണത്തിനുള്ള പാപം ഉണ്ട്; അവൻ അതിനെക്കുറിച്ച് അപേക്ഷിക്കണം എന്നു ഞാൻ പറയുന്നില്ല. |
| 1 യോഹ. 5:17 | സകല അനീതിയും പാപം ആകുന്നു, മരണത്തിനല്ലാത്ത പാപവും ഉണ്ട്. |
| യോഹ. 15:4 | എന്നിൽ വസിക്കുവിൻ, ഞാൻ നിങ്ങളിൽ വസിക്കും. ശാഖയ്ക്ക് മുന്തിരിവള്ളിയിൽ വസിച്ചിട്ടല്ലാതെ, സ്വയമായി ഫലം കായ്ക്കുവാൻ കഴിയാത്തതുപോലെ, എന്നിൽ വസിച്ചിട്ടല്ലാതെ നിങ്ങൾക്കും കഴിയുകയില്ല. |
| യോഹ. 15:5 | ഞാൻ മുന്തിരിവള്ളിയും നിങ്ങൾ ശാഖകളും ആകുന്നു. ഒരുത്തൻ എന്നിലും ഞാൻ അവനിലും വസിക്കുന്നുവെങ്കിൽ, അവൻ വളരെ ഫലം കായ്ക്കുന്നു; എന്നെ പിരിഞ്ഞ് നിങ്ങൾക്ക് ഒന്നും ചെയ്യുവാൻ കഴിയില്ല. |
| യോഹ. 15:7 | നിങ്ങൾ എന്നിൽ വസിക്കുകയും എന്റെ വചനം നിങ്ങളിൽ വസിക്കുകയും ചെയ്യുന്നുവെങ്കിൽ, നിങ്ങൾ ഇച്ഛിക്കുന്നത് എന്തും ചോദിക്കുവിൻ, അതു നിങ്ങൾക്ക് ചെയ്തുതരും. |
| റോമ. 12:4 | ഒരു ശരീരത്തിൽ പല അവയവങ്ങൾ ഉണ്ടായിരിക്കുകയും, എല്ലാ അവയവങ്ങൾക്കും ഒരേ പ്രവർത്തനം അല്ലാതിരിക്കുകയും ചെയ്യുന്നതുപോലെ, |
| റോമ. 12:5 | പലരായ നാം ക്രിസ്തുവിൽ ഒരു ശരീരവും, വ്യക്തിപരമായി അന്യോന്യം അവയവങ്ങളും ആകുന്നു. |

**I. നമുക്ക് നിത്യജീവൻ ഉണ്ടെന്നും അത് ആസ്വദിക്കുന്നുവെന്നും മാത്രമല്ല, ശരീരത്തിലെ മറ്റ് അവയവങ്ങളിലേക്ക് ഈ ജീവൻ ശുശ്രൂഷിക്കുവാൻ നമുക്ക് കഴിയുമെന്നും 1 യോഹന്നാൻ 5:14-17-ൽ സൂചനയുണ്ട്:**

1 യോഹ. 5:14 അവന്റെ ഹിതപ്രകാരം നാം എന്തു ചോദിച്ചാലും, അവൻ നമ്മെ കേൾക്കുന്നു എന്നത് നമുക്ക് അവനോടുള്ള ധൈര്യമാകുന്നു.

1 യോഹ. 5:15 നാം എന്തു ചോദിച്ചാലും അവൻ നമ്മെ കേൾക്കുന്നു എന്ന് അറിയുന്നുവെങ്കിൽ, നാം അവനിൽനിന്ന് ചോദിച്ചിരിക്കുന്ന അപേക്ഷകൾ നമുക്കുണ്ടെന്നു നാം അറിയുന്നു.

1 യോഹ. 5:16 ആരെങ്കിലും തന്റെ സഹോദരൻ മരണത്തിനല്ലാത്ത പാപം ചെയ്യുന്നതായി കാണുന്നു എങ്കിൽ, അവൻ ചോദിക്കേണം, അവൻ അവന് ജീവൻ നൽകുകയും ചെയ്യും, മരണത്തിനല്ലാത്ത പാപം ചെയ്യുന്നവർക്കു തന്നെ. മരണത്തിനുള്ള പാപം ഉണ്ട്; അവൻ അതിനെക്കുറിച്ച് അപേക്ഷിക്കണം എന്നു ഞാൻ പറയുന്നില്ല.

1 യോഹ. 5:17 സകല അനീതിയും പാപം ആകുന്നു, മരണത്തിനല്ലാത്ത പാപവും ഉണ്ട്.

A. നമ്മിലുള്ള നിത്യജീവന് നമ്മിലും സഭയിലെ മറ്റ് അംഗങ്ങളിലുമുള്ള മരണത്തെ ജയിക്കുവാൻ കഴിയുമെന്ന് 14 മുതൽ 17 വരെയുള്ള വാക്യങ്ങൾ നമ്മെ കാണിക്കുന്നു.

1 യോഹ. 5:14 അവന്റെ ഹിതപ്രകാരം നാം എന്തു ചോദിച്ചാലും, അവൻ നമ്മെ കേൾക്കുന്നു എന്നത് നമുക്ക് അവനോടുള്ള ധൈര്യമാകുന്നു.

1 യോഹ. 5:15 നാം എന്തു ചോദിച്ചാലും അവൻ നമ്മെ കേൾക്കുന്നു എന്ന് അറിയുന്നുവെങ്കിൽ, നാം അവനിൽനിന്ന് ചോദിച്ചിരിക്കുന്ന അപേക്ഷകൾ നമുക്കുണ്ടെന്നു നാം അറിയുന്നു.

1 യോഹ. 5:16 ആരെങ്കിലും തന്റെ സഹോദരൻ മരണത്തിനല്ലാത്ത പാപം ചെയ്യുന്നതായി കാണുന്നു എങ്കിൽ, അവൻ ചോദിക്കേണം, അവൻ അവന് ജീവൻ നൽകുകയും ചെയ്യും, മരണത്തിനല്ലാത്ത പാപം ചെയ്യുന്നവർക്കു തന്നെ. മരണത്തിനുള്ള പാപം ഉണ്ട്; അവൻ അതിനെക്കുറിച്ച് അപേക്ഷിക്കണം എന്നു ഞാൻ പറയുന്നില്ല.

1 യോഹ. 5:17 സകല അനീതിയും പാപം ആകുന്നു, മരണത്തിനല്ലാത്ത പാപവും ഉണ്ട്.

B. മറ്റൊരാൾക്ക് ജീവൻ ശുശ്രൂഷിക്കുന്നതിനെക്കുറിച്ച് ബൈബിളിലുള്ള ഏക പരാമർശമാണ് വാക്യം 16:

1 യോഹ. 5:16 ആരെങ്കിലും തന്റെ സഹോദരൻ മരണത്തിനല്ലാത്ത പാപം ചെയ്യുന്നതായി കാണുന്നു എങ്കിൽ, അവൻ ചോദിക്കേണം, അവൻ അവന് ജീവൻ നൽകുകയും ചെയ്യും, മരണത്തിനല്ലാത്ത പാപം ചെയ്യുന്നവർക്കു തന്നെ. മരണത്തിനുള്ള പാപം ഉണ്ട്; അവൻ അതിനെക്കുറിച്ച് അപേക്ഷിക്കണം എന്നു ഞാൻ പറയുന്നില്ല.

1. ജീവൻ ശുശ്രൂഷിക്കുകയെന്നാൽ ജീവൻ പകരുകയെന്നാണ്.
2. നമുക്ക് ജീവന്റെ അധികപങ്ക് ഉള്ളപ്പോൾ, ഈ സഹായത്തിൽനിന്ന് മറ്റുള്ളവർക്ക് ശുശ്രൂഷിക്കുവാൻ നമുക്ക് കഴിയും—വാ. 16.

1 യോഹ. 5:16 ആരെങ്കിലും തന്റെ സഹോദരൻ മരണത്തിനല്ലാത്ത പാപം ചെയ്യുന്നതായി കാണുന്നു എങ്കിൽ, അവൻ

ചോദിക്കേണം, അവൻ അവന് ജീവൻ നൽകുകയും ചെയ്യും, മരണത്തിനല്ലാത്ത പാപം ചെയ്യുന്നവർക്കു തന്നെ. മരണത്തിനുള്ള പാപം ഉണ്ട്; അവൻ അതിനെക്കുറിച്ച് അപേക്ഷിക്കണം എന്നു ഞാൻ പറയുന്നില്ല.

C. നിത്യജീവന്റെ കൂട്ടായ്മയിലുള്ള പ്രാർഥനയെക്കുറിച്ച് വാക്യം 14 സംസാരിക്കുന്നു:

1 യോഹ. 5:14 — അവന്റെ ഹിതപ്രകാരം നാം എന്തു ചോദിച്ചാലും, അവൻ നമ്മെ കേൾക്കുന്നു എന്നത് നമുക്ക് അവനോടുള്ള ധൈര്യമാകുന്നു.

1. നമ്മുടെ രീതിയോ, ആഗ്രഹമോ, മുൻഗണനയോ അനുസരിച്ചല്ല, ദൈവത്തിന്റെ ഹിതപ്രകാരം നാം ചോദിക്കണം.
2. ദൈവത്തിന്റെ ഹിതപ്രകാരമുള്ള പ്രാർഥന സൂചിപ്പിക്കുന്നത് പ്രാർഥിക്കുന്നവൻ ദിവ്യജീവന്റെ കൂട്ടായ്മയിൽ വസിക്കുന്നുവെന്നും, കർത്താവിൽത്തന്നെ വസിക്കുന്നുവെന്നും, അങ്ങനെ അവൻ വാസ്തവത്തിൽ കർത്താവുമായി ഒന്നാണെന്നും ആകുന്നു—യോഹ. 15:4-5.

യോഹ. 15:4 — എന്നിൽ വസിക്കുവിൻ, ഞാൻ നിങ്ങളിൽ വസിക്കും. ശാഖയ്ക്ക് മുന്തിരിവള്ളിയിൽ വസിച്ചിട്ടല്ലാതെ, സ്വയമായി ഫലം കായ്ക്കുവാൻ കഴിയാത്തതുപോലെ, എന്നിൽ വസിച്ചിട്ടല്ലാതെ നിങ്ങൾക്കും കഴിയുകയില്ല.

യോഹ. 15:5 — ഞാൻ മുന്തിരിവള്ളിയും നിങ്ങൾ ശാഖകളും ആകുന്നു. ഒരുത്തൻ എന്നിലും ഞാൻ അവനിലും വസിക്കുന്നുവെങ്കിൽ, അവൻ വളരെ ഫലം കായ്ക്കുന്നു; എന്നെ പിരിഞ്ഞ് നിങ്ങൾക്ക് ഒന്നും ചെയ്യുവാൻ കഴിയില്ല.

3. 1 യോഹന്നാൻ 5:15-ലെ അറിയുന്നു എന്നത്, ദിവ്യജീവൻ സ്വീകരിച്ചതിനുശേഷം നാം കർത്താവിൽ വസിക്കുകയും അവന്റെ നാമത്തിൽ ദൈവത്തോടുള്ള നമ്മുടെ പ്രാർഥനയിൽ അവനുമായി ഒന്നായിരിക്കുകയും ചെയ്യുന്നു എന്ന വസ്തുതയെ അടിസ്ഥാനമാക്കിയാണ്—യോഹ. 15:7, 16; 16:23-24.

1 യോഹ. 5:15 — നാം എന്തു ചോദിച്ചാലും അവൻ നമ്മെ കേൾക്കുന്നു എന്ന് അറിയുന്നുവെങ്കിൽ, നാം അവനിൽനിന്ന് ചോദിച്ചിരിക്കുന്ന അപേക്ഷകൾ നമുക്കുണ്ടെന്നു നാം അറിയുന്നു.

യോഹ. 15:7 — നിങ്ങൾ എന്നിൽ വസിക്കുകയും എന്റെ വചനം നിങ്ങളിൽ വസിക്കുകയും ചെയ്യുന്നുവെങ്കിൽ, നിങ്ങൾ ഇച്ഛിക്കുന്നത് എന്തും ചോദിക്കുവിൻ, അതു നിങ്ങൾക്ക് ചെയ്തുതരും.

യോഹ. 15:16 — നിങ്ങൾ എന്നെ തിരഞ്ഞെടുത്തില്ല, എന്നാൽ ഞാൻ നിങ്ങളെ തിരഞ്ഞെടുത്തു, നിങ്ങൾ പുറപ്പെട്ടുപോയി ഫലം കായ്ക്കേണ്ടതിനും നിങ്ങളുടെ ഫലം, നിലനിൽക്കേണ്ടതിനും ഞാൻ നിങ്ങളെ ആക്കിവച്ചിരിക്കുന്നു, എന്റെ നാമത്തിൽ നിങ്ങൾ പിതാവിനോട് എന്തു ചോദിച്ചാലും അവൻ നിങ്ങൾക്കു

നൽകേണ്ടതിനു തന്നെ.

| | |
|---|---|
| യോഹ. 16:23 | ആ നാളിൽ നിങ്ങൾ എന്നോട് ഒന്നും ചോദിക്കുകയില്ല. സത്യമായി, സത്യമായി, ഞാൻ നിങ്ങളോടു പറയുന്നു, നിങ്ങൾ എന്റെ നാമത്തിൽ പിതാവിനോട് എന്തു ചോദിച്ചാലും, അവൻ നിങ്ങൾക്കു തരും. |
| യോഹ. 16:24 | ഇതുവരെ നിങ്ങൾ എന്റെ നാമത്തിൽ ഒന്നിനും ചോദിച്ചിട്ടില്ല; ചോദിക്കുവിൻ, നിങ്ങളുടെ സന്തോഷം പൂർണമാകേണ്ടതിനു നിങ്ങൾക്കു ലഭിക്കും. |

4. 1 യോഹന്നാൻ 5:16-ലെ *അവൻ ചോദിക്കേണം* എന്നതും *അവൻ ജീവൻ നൽകുകയും ചെയ്യും* എന്നതും ഒരേ വ്യക്തിയെ, അതായത്, തന്റെ സഹോദരൻ പാപം ചെയ്യുന്നത് കാണുകയും അവനെ സംബന്ധിച്ച് ചോദിക്കുകയും ചെയ്യുന്നവനെ, പരാമർശിക്കുന്നു:

| | |
|---|---|
| 1 യോഹ. 5:16 | ആരെങ്കിലും തന്റെ സഹോദരൻ മരണത്തിനല്ലാത്ത പാപം ചെയ്യുന്നതായി കാണുന്നു എങ്കിൽ, അവൻ ചോദിക്കേണം, അവൻ അവന് ജീവൻ നൽകുകയും ചെയ്യും, മരണത്തിനല്ലാത്ത പാപം ചെയ്യുന്നവർക്കു തന്നെ. മരണത്തിനുള്ള പാപം ഉണ്ട്; അവൻ അതിനെക്കുറിച്ച് അപേക്ഷിക്കണം എന്നു ഞാൻ പറയുന്നില്ല. |

a. ഇങ്ങനെ കർത്താവിൽ വസിക്കുന്നവനും, കർത്താവിനോട് ഒന്നായിരിക്കുന്നവനും, കർത്താവുമായി ഏകാത്മാവിൽ ചോദിക്കുന്നവനുമായ (1 കൊരി. 6:17) ഒരുവൻ, താൻ ആർക്കുവേണ്ടിയാണോ ചോദിക്കുന്നത് അവർക്ക്, ദൈവത്തിന്റെ ജീവൻ നൽകുന്ന ആത്മാവിന് ജീവൻ നൽകുവാൻ കഴിയുന്ന ഉപാധി അഥവാ ചാലായിത്തീരുന്നു.

| | |
|---|---|
| 1 കൊരി. 6:17 | എന്നാൽ കർത്താവിനോടു പറ്റിച്ചേരുന്നവൻ അവനുമായി ഏകാത്മാവ് ആകുന്നു. |

b. ഇത് ദിവ്യജീവന്റെ കൂട്ടായ്മയിൽ ജീവൻ ശുശ്രൂഷിക്കുന്നതിന്റെ വിഷയമാണ്.

5. 1 യോഹന്നാൻ 5:16-ൽ വിവരിച്ചിരിക്കുന്നതിനനുസരിച്ച് ഒരു സഹോദരനുവേണ്ടി നാം പ്രാർഥിക്കണമെങ്കിൽ, നാം കർത്താവുമായി ഒന്നായിരിക്കേണ്ടതാവശ്യമാകുന്നു എന്നതാണ് പ്രധാന കാര്യം—യോഹ. 15:7.

| | |
|---|---|
| 1 യോഹ. 5:16 | ആരെങ്കിലും തന്റെ സഹോദരൻ മരണത്തിനല്ലാത്ത പാപം ചെയ്യുന്നതായി കാണുന്നു എങ്കിൽ, അവൻ ചോദിക്കേണം, അവൻ അവന് ജീവൻ നൽകുകയും ചെയ്യും, മരണത്തിനല്ലാത്ത പാപം ചെയ്യുന്നവർക്കു തന്നെ. മരണത്തിനുള്ള പാപം ഉണ്ട്; അവൻ അതിനെക്കുറിച്ച് അപേക്ഷിക്കണം എന്നു ഞാൻ പറയുന്നില്ല. |
| യോഹ. 15:7 | നിങ്ങൾ എന്നിൽ വസിക്കുകയും എന്റെ വചനം നിങ്ങളിൽ വസിക്കുകയും ചെയ്യുന്നുവെങ്കിൽ, നിങ്ങൾ ഇച്ഛിക്കുന്നത് എന്തും ചോദിക്കുവിൻ, അതു നിങ്ങൾക്ക് ചെയ്തുതരും. |

D. നാം അനുഭവമാക്കിയ ക്രിസ്തുവിനെ ജീവനായി ശുശ്രൂഷിക്കുന്നതാണ് ജീവന്റെ ശുശ്രൂഷ—2 കൊരി. 1:3-4:

2 കൊരി. 1:3 മനസ്സലിവുകളുടെ പിതാവും സകല ആശ്വാസത്തിന്റെയും ദൈവവുമായ, നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ ദൈവവും പിതാവുമായവൻ വാഴ്ത്തപ്പെട്ടവൻ,

2 കൊരി. 1:4 ദൈവം ഞങ്ങളെ ആശ്വസിപ്പിച്ച ആശ്വാസത്താൽ, സകല ക്ലേശത്തിലും ആയിരിക്കുന്നവരെ ഞങ്ങൾക്ക് ആശ്വസിപ്പിക്കുവാൻ കഴിയേണ്ടതിന്, ഞങ്ങളുടെ സകല ക്ലേശത്തിലും അവൻ ഞങ്ങളെ ആശ്വസിപ്പിക്കുന്നു.

1. ക്രൂശിന്റെ പ്രവർത്തനത്താൽ ശുശ്രൂഷ പുറത്തുവരുന്നു; ക്രൂശിന്റെ മാർഗത്താലാണ് മറ്റുള്ളവരിലേക്ക് ശുശ്രൂഷിക്കുവാനുള്ള ജീവനായ ക്രിസ്തുവിന്റെ സമ്പത്ത് നമുക്കുണ്ടായിരിക്കുന്നത്—4:12.

2 കൊരി. 4:12 ആകയാൽ മരണം ഞങ്ങളിൽ വ്യാപരിക്കുന്നു, നിങ്ങളിൽ ജീവനും.

2. എത്രത്തോളം ജീവനും ക്രിസ്തുവിന്റെ സമ്പത്തിന്റെ എത്രത്തോളം യാഥാർഥ്യവും നമുക്ക് ശുശ്രൂഷിക്കുവാൻ കഴിയുമെന്നത് നാം എത്രമാത്രം വെളിപാട് സ്വികരിച്ചിട്ടുണ്ടെന്നതിനെയും, നമുക്ക് വെളിപ്പെടുത്തിയിട്ടുള്ള കാര്യങ്ങൾക്കായി നാം എത്രമാത്രം കഷ്ടംസഹിച്ചിട്ടുണ്ട് എന്നതിനെയും ആശ്രയിച്ചിരിക്കുന്നു—എഫെ. 3:8.

എഫെ. 3:8 സകല വിശുദ്ധന്മാരിലും ഏറ്റവും ചെറിയവനിലും ചെറിയവനായ എനിക്ക്, ജാതികളോട് ക്രിസ്തുവിന്റെ അപ്രമേയ ധനത്തെ സുവിശേഷമായി അറിയിക്കുവാനും,

**II. നാം ജീവൻ ശുശ്രൂഷിക്കണമെങ്കിൽ, പുനരുത്ഥാനത്തിന്റെ ദൈവമെന്ന നിലയിൽ നാം ദൈവത്തെ അറിയുകയും, അനുഭവമാക്കുകയും, നേടുകയും വേണം—റോമ. 4:17; 2 കൊരി. 1:9; യോഹ. 11:25:**

റോമ. 4:17 ("ഞാൻ നിന്നെ അനേകം ജാതികളുടെ പിതാവായി നിയമിച്ചിരിക്കുന്നു" എന്ന് എഴുതിയിരിക്കുന്നതുപോലെ) മരിച്ചവർക്ക് ജീവൻ നൽകുകയും ഇല്ലാത്തവയെ ഉള്ളവയായി വിളിക്കുകയും ചെയ്യുന്നവൻ എന്ന് അബ്രാഹാം വിശ്വസിച്ച ദൈവത്തിന്റെ ദൃഷ്ടിയിൽ അവൻ നാം എല്ലാവരുടെയും പിതാവാകുന്നു.

2 കൊരി. 1:9 ഞങ്ങളിൽ അല്ല, മരിച്ചവരെ ഉയിർപ്പിക്കുന്ന ദൈവത്തിന്മേൽ ഞങ്ങളുടെ നിശ്ചയം വച്ചുകൊള്ളേണ്ടതിന്, തീർച്ചയായും ഞങ്ങളിൽത്തന്നെ മരണത്തിന്റെ പ്രത്യുത്തരം ഞങ്ങൾക്ക് ഉണ്ടായിരുന്നു;

യോഹ. 11:25 യേശു അവളോട്, ഞാൻ തന്നെ പുനരുത്ഥാനവും ജീവനും ആകുന്നു; എന്നിലേക്ക് വിശ്വസിക്കുന്നവൻ മരിക്കേണ്ടിവന്നാലും, ജീവിക്കും;

A. നാം ഇനി നമ്മിൽത്തന്നെ ആശ്രയിക്കാതെ പുനരുത്ഥാനത്തിന്റെ ദൈവത്തിൽ ആശ്രയിക്കത്തക്കവണ്ണം നമ്മെ അവസാനിപ്പിക്കുവാൻ, നമ്മെ ഒരു അവസാനത്തിലേക്ക് കൊണ്ടുവരാൻ, ദൈവം ക്രൂശു മുഖാന്തരം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു—2 കൊരി. 1:9.

2 കൊരി. 1:9 ഞങ്ങളിൽ അല്ല, മരിച്ചവരെ ഉയിർപ്പിക്കുന്ന ദൈവത്തിന്മേൽ

ഞങ്ങളുടെ നിശ്ചയം വച്ചുകൊള്ളേണ്ടതിന്, തീർച്ചയായും ഞങ്ങളിൽത്തന്നെ മരണത്തിന്റെ പ്രത്യുത്തരം ഞങ്ങൾക്ക് ഉണ്ടായിരുന്നു;

B. പുനരുത്ഥാനത്തിന്റെ ദൈവം നമ്മിൽ പ്രവർത്തിക്കുമ്പോൾ, അവന്റെ ജീവനും പ്രകൃതവും നമ്മിലേക്ക് പണിതുചേർക്കപ്പെടുന്നു—4:16.

2 കൊരി. 4:16 അതുകൊണ്ട് ഞങ്ങൾ അധൈര്യപ്പെട്ടുപോകുന്നില്ല; എന്നാൽ ഞങ്ങളുടെ പുറത്തെ മനുഷ്യൻ ക്ഷയിച്ചുപോകുന്നെങ്കിലും ഞങ്ങളുടെ അകത്തെ മനുഷ്യൻ ദിനംപ്രതി പുതുക്കപ്പെടുന്നു.

C. ക്രൂശിന്റെ കൊല്ലൽ പുനരുത്ഥാന ജീവന്റെ പ്രത്യക്ഷതയിൽ പരിണമിക്കുന്നു—വാ. 10-12:

2 കൊരി. 4:10 യേശുവിന്റെ ജീവൻ ഞങ്ങളുടെ ശരീരത്തിൽ വെളിവാകേണ്ടതിന് യേശുവിന്റെ മരിപ്പിക്കൽ എപ്പോഴും ശരീരത്തിൽ വഹിച്ചുകൊണ്ട് നടക്കുന്നു.

2 കൊരി. 4:11 യേശുവിന്റെ ജീവൻ ഞങ്ങളുടെ മർത്യജഡത്തിൽ വെളിവാകേണ്ടതിന്, ജീവിച്ചിരിക്കുന്നവരായ ഞങ്ങൾ യേശു നിമിത്തം എപ്പോഴും മരണത്തിന് ഏൽപ്പിക്കപ്പെടുന്നു.

2 കൊരി. 4:12 ആകയാൽ മരണം ഞങ്ങളിൽ വ്യാപരിക്കുന്നു, നിങ്ങളിൽ ജീവനും.

1. യേശുവിന്റെ മരിപ്പിക്കൽ സ്വാഭാവിക മനുഷ്യനെയും, പുറത്തെ മനുഷ്യനെയും, ജഡത്തെയും നശിപ്പിക്കുന്നു, അതിന്റെ ഫലമായി പുനരുത്ഥാന ജീവനെ ജീവിച്ചു വെളിപ്പെടുത്തുവാൻ അകത്തെ മനുഷ്യന് വികാസം പ്രാപിക്കുവാനും പുതുക്കപ്പെടുവാനുമുള്ള അവസരം നൽകപ്പെടുന്നു—വാ. 16.

   2 കൊരി. 4:16 അതുകൊണ്ട് ഞങ്ങൾ അധൈര്യപ്പെട്ടുപോകുന്നില്ല; എന്നാൽ ഞങ്ങളുടെ പുറത്തെ മനുഷ്യൻ ക്ഷയിച്ചുപോകുന്നെങ്കിലും ഞങ്ങളുടെ അകത്തെ മനുഷ്യൻ ദിനംപ്രതി പുതുക്കപ്പെടുന്നു.

2. നമ്മുടെ ഉള്ളിൽനിന്നും ക്രിസ്തുവിന്റെ ജീവനെ ജീവിച്ചു വെളിപ്പെടുത്തുവാൻ നമുക്ക് കഴിയത്തക്കവണ്ണം കർത്താവ് നമ്മിൽ ചെയ്യുന്ന എല്ലാ വേലയും നമ്മുടെ പുറത്തെ, സ്വാഭാവിക മനുഷ്യനെ നശിപ്പിക്കുന്നതിനാണ്; ഒരു ക്രിസ്ത്യാനിയുടെ ജീവിതത്തെ സംബന്ധിച്ച് പുതിയനിയമത്തിലുള്ള ഏറ്റവും ആഴമേറിയ ചിന്ത ഇതാണ്—യോഹ. 12:24-26; ഫിലി. 1:21.

   യോഹ. 12:24 സത്യമായി, സത്യമായി, ഞാൻ നിങ്ങളോട് പറയുന്നു, ഗോതമ്പുമണി നിലത്തു വീണു ചാകുന്നില്ല എങ്കിൽ, അതു തനിയേ വസിക്കുന്നു; എന്നാൽ അത് ചാകുന്നു എങ്കിൽ, വളരെ ഫലം കായ്ക്കുന്നു.

   യോഹ. 12:25 തന്റെ ദേഹിജീവനെ സ്നേഹിക്കുന്നവൻ അതിനെ നഷ്ടമാക്കുന്നു; ഈ ലോകത്തിൽ തന്റെ ദേഹിജീവനെ വെറുക്കുന്നവനോ, നിത്യജീവങ്കലേക്ക് അതിനെ സൂക്ഷിക്കും.

   യോഹ. 12:26 ആരെങ്കിലും എന്നെ സേവിക്കുന്നെങ്കിൽ, അവൻ എന്നെ അനുഗമിക്കട്ടെ; ഞാൻ എവിടെ ആയിരിക്കുന്നുവോ, അവിടെ എന്റെ സേവകനും

| | |
|---|---|
| | ആയിരിക്കും. ആരെങ്കിലും എന്നെ സേവിക്കുന്നെങ്കിൽ അവനെ പിതാവ് മാനിക്കും. |
| ഫിലി. 1:21 | എനിക്കു ജീവിക്കുന്നത് ക്രിസ്തുവും... |

3. ക്രിസ്തുവിന്റെ മരണത്തിൽ നിലനിൽക്കുന്നതും അവന്റെ മരണത്തോട് അനുരൂപപ്പെടുന്നതും ക്രിസ്തീയ ജീവിതത്തിന്റെ ഒരു അഗാധമായ തത്ത്വമാണ്—റോമ. 6:4-5; ഫിലി. 3:10:

| | |
|---|---|
| റോമ. 6:4 | അതുകൊണ്ട് സ്നാനത്തിലൂടെ അവന്റെ മരണത്തിലേക്ക് അവനോടു കൂടെ നാം അടക്കപ്പെട്ടിരിക്കുന്നു, ക്രിസ്തു പിതാവിന്റെ മഹത്വത്തിലൂടെ മരിച്ചവരിൽനിന്ന് ഉയിർപ്പിക്കപ്പെട്ടതുപോലെ, നാമും ജീവന്റെ പുതുക്കത്തിൽ നടക്കേണ്ടതിനു തന്നെ. |
| റോമ. 6:5 | നാം അവനോടുകൂടെ അവന്റെ മരണത്തിന്റെ സാദൃശ്യത്തിൽ ചേർന്നു വളർന്നുവെങ്കിൽ, തീർച്ചയായും നാം അവന്റെ പുനരുത്ഥാനത്തിന്റെ, സാദൃശ്യത്തിലും ആയിരിക്കും, |
| ഫിലി. 3:10 | അവന്റെ മരണത്തോട് അനുരൂപപ്പെട്ടുകൊണ്ട്, അവനെയും അവന്റെ പുനരുത്ഥാനത്തിന്റെ ശക്തിയെയും അവന്റെ കഷ്ടാനുഭവങ്ങളുടെ കൂട്ടായ്മയെയും അറിഞ്ഞ്, |

a. നാം ക്രിസ്തുവിന്റെ മരണത്തിൽ നിലനിൽക്കുമ്പോൾ, നാം ക്രിസ്തുവിന്റെ പുനരുത്ഥാനത്തിന്റെ ശക്തി അനുഭവമാക്കുന്നു—വാ. 10-11; റോമ. 8:11; 2 കൊരി. 1:8-10; 4:14.

| | |
|---|---|
| ഫിലി. 3:10 | അവന്റെ മരണത്തോട് അനുരൂപപ്പെട്ടുകൊണ്ട്, അവനെയും അവന്റെ പുനരുത്ഥാനത്തിന്റെ ശക്തിയെയും അവന്റെ കഷ്ടാനുഭവങ്ങളുടെ കൂട്ടായ്മയെയും അറിഞ്ഞ്, |
| ഫിലി. 3:11 | മരിച്ചവരിൽ നിന്നുള്ള വിശേഷ പുനരുത്ഥാനം ഞാൻ എങ്ങനെയെങ്കിലും പ്രാപിക്കേണ്ടതിന്, അവൻ നിമിത്തം ഞാൻ സകലത്തിന്റെയും നഷ്ടം സഹിച്ച് അവ ചവറെന്ന് എണ്ണുന്നു. |
| റോമ. 8:11 | യേശുവിനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചവന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നുവെങ്കിൽ, ക്രിസ്തുവിനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചവൻ നിങ്ങളിൽ വസിക്കുന്ന തന്റെ ആത്മാവിലൂടെ നിങ്ങളുടെ മർത്യശരീരങ്ങൾക്കും ജീവൻ നൽകും. |
| 2 കൊരി. 1:8 | സഹോദരന്മാരേ, ആസ്യയിൽ ഞങ്ങൾക്കുണ്ടായ ക്ലേശത്തെക്കുറിച്ച് നിങ്ങൾ അജ്ഞരായിരിക്കണമെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നില്ല, ഞങ്ങൾ ജീവനോടിരിക്കുമോ എന്നുപോലും നിരാശപ്പെടുമാറ്, ഞങ്ങളുടെ ശക്തിക്ക് അതീതമായി, ഞങ്ങൾ അത്യധികം ഭാരപ്പെട്ടു. |
| 2 കൊരി. 1:9 | ഞങ്ങളിൽ അല്ല, മരിച്ചവരെ ഉയിർപ്പിക്കുന്ന ദൈവത്തിന്മേൽ ഞങ്ങളുടെ നിശ്ചയം |

വച്ചുകൊള്ളേണ്ടതിന്, തീർച്ചയായും ഞങ്ങളിൽത്തന്നെ മരണത്തിന്റെ പ്രത്യുത്തരം ഞങ്ങൾക്ക് ഉണ്ടായിരുന്നു;

2 കൊരി. 1:10 ഇത്ര വലിയ മരണത്തിൽനിന്ന് അവൻ ഞങ്ങളെ വിടുവിച്ചു, ഞങ്ങളെ വിടുവിക്കുകയും ചെയ്യും; അവൻ ഇനിയും ഞങ്ങളെ വിടുവിക്കും എന്ന് ഞങ്ങൾ അവനിൽ പ്രത്യാശിച്ചും ഇരിക്കുന്നു,

2 കൊരി. 4:14 കർത്താവായ യേശുവിനെ ഉയിർപ്പിച്ചവൻ ഞങ്ങളെയും യേശുവിനോടുകൂടെ ഉയിർപ്പിച്ച് നിങ്ങളോടുകൂടെ അവന്റെ മുമ്പാകെ നിർത്തും എന്ന് ഞങ്ങൾ അറിയുന്നു.

b. ഈ വിധത്തിൽ നാം ക്രിസ്തുവിനോടുകൂടെ എത്രയധികം മരിക്കുന്നുവോ അത്രയധികം അവന്റെ പുനരുത്ഥാന ശക്തി നമ്മിൽ പ്രകടമാകുകയും, അത്രയധികം ക്രിസ്തുവിന്റെ ശരീരത്തിന് ജീവൻ ശുശ്രൂഷിക്കുവാൻ നമുക്ക് കഴിയുകയും ചെയ്യും—യോഹ. 11:25.

യോഹ. 11:25 യേശു അവളോട്, ഞാൻ തന്നെ പുനരുത്ഥാനവും ജീവനും ആകുന്നു; എന്നിലേക്ക് വിശ്വസിക്കുന്നവൻ മരിക്കേണ്ടിവന്നാലും, ജീവിക്കും;

4. നമ്മുടെ സ്വാഭാവിക ബലവും പ്രാപ്തിയും ജീവന്റെ ശുശ്രൂഷയ്ക്കുവേണ്ടി പുനരുത്ഥാനത്തിൽ ഉപയോഗപ്രദമായിരിക്കത്തക്കവണ്ണം അവ ക്രൂശിനാൽ ഇടപെടൽ പ്രാപിക്കേണ്ടതുണ്ട്—ഫിലി. 3:3.

ഫിലി. 3:3 നാം ആകുന്നു പരിച്ഛേദനക്കാർ, ദൈവാത്മാവിനാൽ സേവിക്കുന്നവരും ക്രിസ്തു യേശുവിൽ പ്രശംസിക്കുന്നവരും ജഡത്തിൽ ആശ്രയമില്ലാത്തവരുമായ നാം തന്നെ,

D. തളിർക്കുന്ന, പൂക്കുന്ന, ഫലം കായ്ക്കുന്ന വടി നമുക്ക് ശരീരത്തിന് ജീവൻ ശുശ്രൂഷിക്കുന്നതിനായുള്ള ക്രിസ്തുവിന്റെ പുനരുത്ഥാന ജീവനെ സൂചിപ്പിക്കുന്നു—സംഖ്യ. 17:8.

സംഖ്യ. 17:8 പിറ്റെന്നാൾ മോശെ സാക്ഷ്യകൂടാരത്തിൽ കടന്നപ്പോൾ ലേവിഗൃഹത്തിന്നുള്ള അഹരോന്റെ വടി തളിർത്തിരിക്കുന്നതു കണ്ടു; അതു തളിർത്തു പൂത്തു ബദാം ഫലം കായിച്ചിരുന്നു.

**III. നാം ശരീരത്തെ ജീവനിൽ അറിയേണ്ടതാവശ്യമാകുന്നു—1 യോഹ. 5:11-12; കൊലൊ. 3:4; 2:19; റോമ. 8:2, 6, 10-11; 12:4-5:**

1 യോഹ. 5:11 ആ സാക്ഷ്യമോ, ദൈവം നമുക്ക് നിത്യജീവൻ നൽകി, ഈ ജീവൻ അവന്റെ പുത്രനിൽ ആകുന്നു എന്നതു തന്നെ.

1 യോഹ. 5:12 പുത്രനുള്ളവന് ജീവൻ ഉണ്ട്; ദൈവപുത്രൻ ഇല്ലാത്തവന് ജീവൻ ഇല്ല.

കൊലൊ. 3:4 നമ്മുടെ ജീവനായ ക്രിസ്തു വെളിപ്പെടുമ്പോൾ നിങ്ങളും അവനോടുകൂടെ തേജസ്സിൽ വെളിപ്പെടും.

കൊലൊ. 2:19 തലയെ മുറുകെപ്പിടിക്കാതെ തന്നെ. അവനിൽ നിന്നല്ലോ ശരീരം മുഴുവൻ, സന്ധികളും ഞരമ്പുകളും മുഖാന്തരം സമ്പന്ന

സഹായം ലഭിച്ചും കൂട്ടിയിണയ്ക്കപ്പെട്ടുംകൊണ്ട്, ദൈവത്തിന്റെ വളർച്ചയാൽ വളരുന്നത്.

റോമ. 8:2 എന്തെന്നാൽ ജീവന്റെ ആത്മാവിന്റെ പ്രമാണം എന്നെ പാപത്തിന്റെയും മരണത്തിന്റെയും പ്രമാണത്തിൽനിന്ന് ക്രിസ്തു യേശുവിൽ സ്വതന്ത്രനാക്കിയിരിക്കുന്നു.

റോമ. 8:6 ജഡത്തിൽ ഉറപ്പിച്ചിരിക്കുന്ന മനസ്സ് മരണം ആകുന്നു, എന്നാൽ ആത്മാവിൽ ഉറപ്പിച്ചിരിക്കുന്ന മനസ്സ് ജീവനും സമാധാനവും ആകുന്നു.

റോമ. 8:10 എന്നാൽ ക്രിസ്തു നിങ്ങളിൽ ഉണ്ടെങ്കിലോ, ശരീരം പാപം നിമിത്തം മരിച്ചതെങ്കിലും, ആത്മാവ് നീതി നിമിത്തം ജീവൻ ആകുന്നു.

റോമ. 8:11 യേശുവിനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചവന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നുവെങ്കിൽ, ക്രിസ്തുവിനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചവൻ നിങ്ങളിൽ വസിക്കുന്ന തന്റെ ആത്മാവിലൂടെ നിങ്ങളുടെ മർത്യശരീരങ്ങൾക്കും ജീവൻ നൽകും.

റോമ. 12:4 ഒരു ശരീരത്തിൽ പല അവയവങ്ങൾ ഉണ്ടായിരിക്കുകയും, എല്ലാ അവയവങ്ങൾക്കും ഒരേ പ്രവർത്തനം അല്ലാതിരിക്കുകയും ചെയ്യുന്നതുപോലെ,

റോമ. 12:5 പലരായ നാം ക്രിസ്തുവിൽ ഒരു ശരീരവും, വ്യക്തിപരമായി അന്യോന്യം അവയവങ്ങളും ആകുന്നു.

A. ക്രിസ്തുവിന്റെ ശരീരം നമ്മിലുള്ള ജീവനായ ക്രിസ്തുവിനാൽ രൂപപ്പെടുന്നു; ക്രിസ്തുവിന്റെ ശരീരമായിത്തീരുവാൻ ഈ ജീവൻ നാമുമായി ഇഴുകിച്ചേരുന്നു—1 യോഹ. 5:11-12; കൊലൊ. 3:4; 1:18; 2:19:

1 യോഹ. 5:11 ആ സാക്ഷ്യമോ, ദൈവം നമുക്ക് നിത്യജീവൻ നൽകി, ഈ ജീവൻ അവന്റെ പുത്രനിൽ ആകുന്നു എന്നതു തന്നെ.

1 യോഹ. 5:12 പുത്രനുള്ളവന് ജീവൻ ഉണ്ട്; ദൈവപുത്രൻ ഇല്ലാത്തവന് ജീവൻ ഇല്ല.

കൊലൊ. 3:4 നമ്മുടെ ജീവനായ ക്രിസ്തു വെളിപ്പെടുമ്പോൾ നിങ്ങളും അവനോടുകൂടെ തേജസ്സിൽ വെളിപ്പെടും.

കൊലൊ. 1:18 അവൻ സഭ എന്ന ശരീരത്തിന്റെ തലയാകുന്നു; അവൻതന്നെ എല്ലാറ്റിലും ഒന്നാമത് ആകേണ്ടതിന്, അവൻ ആരംഭവും മരിച്ചവരിൽനിന്ന് ആദ്യജാതനും ആകുന്നു;

കൊലൊ. 2:19 തലയെ മുറുകെപ്പിടിക്കാതെ തന്നെ. അവനിൽ നിന്നല്ലോ ശരീരം മുഴുവൻ, സന്ധികളും ഞരമ്പുകളും മുഖാന്തരം സമ്പന്ന സഹായം ലഭിച്ചും കൂട്ടിയിണയ്ക്കപ്പെട്ടുംകൊണ്ട്, ദൈവത്തിന്റെ വളർച്ചയാൽ വളരുന്നത്.

1. നമ്മിലുള്ള ജീവൻ ഒരു *അവയവ* ജീവനല്ല—അത് ഒരു *ശരീര* ജീവനാണ്.
2. ഈ ജീവനിൽ നാമെല്ലാവരും ഒന്നാണ്; ജീവനിലുള്ള ഈ ഒരുമ ക്രിസ്തുവിന്റെ മാർമിക ശരീരമാണ്—എഫെ. 5:30.

എഫെ. 5:30 നാം അവന്റെ ശരീരത്തിലെ അവയവങ്ങൾ ആകുന്നുവല്ലോ.

B. ജീവനിൽ ശരീരത്തെ അറിയുന്നത് നമ്മുടെ ജീവന്റെ അനുഭവത്തിന്റെയും ആത്മിക വളർച്ചയുടെയും ഫലമാണ്—1 യോഹ. 2:12-14:

1 യോഹ. 2:12 കുഞ്ഞുങ്ങളേ, അവന്റെ നാമം നിമിത്തം നിങ്ങളുടെ പാപങ്ങളെ ക്ഷമിച്ചിരിക്കുന്നതിനാൽ, ഞാൻ നിങ്ങൾക്ക്

എഴുതുന്നു.

1 യോഹ. 2:13 പിതാക്കന്മാരേ, നിങ്ങൾ, ആദിമുതലുള്ളവനെ അറിഞ്ഞിരിക്കുന്നതിനാൽ ഞാൻ നിങ്ങൾക്ക് എഴുതുന്നു. യൗവനക്കാരേ, നിങ്ങൾ ദുഷ്ടനെ ജയിച്ചിരിക്കുന്നതിനാൽ ഞാൻ നിങ്ങൾക്ക് എഴുതുന്നു. ഇളയവരേ, നിങ്ങൾ പിതാവിനെ അറിഞ്ഞിരിക്കുന്നതിനാൽ, ഞാൻ നിങ്ങൾക്ക് എഴുതുന്നു.

1 യോഹ. 2:14 പിതാക്കന്മാരേ, നിങ്ങൾ ആദിമുതലുള്ളവനെ അറിഞ്ഞിരിക്കുന്നതിനാൽ ഞാൻ നിങ്ങൾക്ക് എഴുതിയിരിക്കുന്നു. യൗവനക്കാരേ, നിങ്ങൾ ശക്തരാകുന്നതിനാലും ദൈവവചനം നിങ്ങളിൽ വസിക്കുന്നതിനാലും നിങ്ങൾ ദുഷ്ടനെ ജയിച്ചിരിക്കുന്നതിനാലും ഞാൻ നിങ്ങൾക്ക് എഴുതിയിരിക്കുന്നു.

1. ശരീരത്തെ അറിയുവാനും ശരീരത്തിന്റെ യാഥാർഥ്യത്തെ സ്പർശിക്കുവാനുമായി, നാം ജീവന്റെ അനുഭവത്തിലും ജീവന്റെ വളർച്ചയിലും പുരോഗമിക്കണം—1 കൊരി. 3:1-2; 14:20.

   1 കൊരി. 3:1 സഹോദരന്മാരേ, എനിക്ക് നിങ്ങളോട് ആത്മികന്മാരോട് എന്ന പോലെയല്ല, ജഡമയരോട് എന്നപോലെ, ക്രിസ്തുവിൽ ശിശുക്കളോട് എന്ന പോലെയത്രേ സംസാരിക്കുവാൻ കഴിഞ്ഞത്.

   1 കൊരി. 3:2 കട്ടിയുള്ള ആഹാരമല്ല പാൽ അത്രേ ഞാൻ നിങ്ങൾക്ക് കുടിക്കുവാൻ തന്നത്, എന്നിട്ടും നിങ്ങൾക്ക് അത് സ്വീകരിക്കുവാൻ കഴിഞ്ഞില്ല. ഇപ്പോഴും നിങ്ങൾക്കു കഴിയുന്നില്ല,

   1 കൊരി. 14:20 സഹോദരന്മാരേ, ബുദ്ധിയിൽ കുഞ്ഞുങ്ങൾ ആയിരിക്കാതെ, ദുഷ്ടതയിൽ ശിശുക്കളും ബുദ്ധിയിൽ പൂർണവളർച്ച ഉള്ളവരും ആകുവിൻ.

2. ആത്മിക ജീവിതത്തിൽ നാം നാലാമത്തെ ഘട്ടത്തിൽ എത്തിയതിനുശേഷം മാത്രമേ നമുക്ക് ക്രിസ്തുവിന്റെ ശരീരത്തിന്റെ മർമം അറിയുവാൻ കഴിയുകയുള്ളൂ—എഫെ. 4:12-13, 15-16.

   എഫെ. 4:12 അത് നാം എല്ലാവരും വിശ്വാസത്തിന്റെയും ദൈവപുത്രനെക്കുറിച്ചുള്ള പൂർണ പരിജ്ഞാനത്തിന്റെയും ഒരുമയിലേക്ക്, പൂർണവളർച്ച പ്രാപിച്ച മനുഷ്യനിലേക്ക്, ക്രിസ്തുവിന്റെ നിറവിന്റെ വലിപ്പത്തിന്റെ അളവിലേക്ക് എത്തിച്ചേരുവോളം,

   എഫെ. 4:13 ക്രിസ്തുവിന്റെ ശരീരത്തിന്റെ, കെട്ടുപണിക്കായി, ശുശ്രൂഷയുടെ വേലയ്ക്കായി, വിശുദ്ധന്മാരുടെ തികവിനു വേണ്ടി ആകുന്നു,

   എഫെ. 4:15 സ്നേഹത്തിൽ സത്യത്തെ മുറുകെപ്പറ്റിക്കൊണ്ട്, തലയായ ക്രിസ്തുവിലേക്കു നാം സകലത്തിലും വളരേണ്ടതിനു തന്നെ,

   എഫെ. 4:16 അവനിൽനിന്ന് ശരീരം മുഴുവനും, സമ്പന്ന സഹായത്തിന്റെ സകല സന്ധിയിലൂടെയും ഓരോ അംഗത്തിന്റെ അളവിലുള്ള, വ്യാപാരത്തിലൂടെയും കൂട്ടിച്ചേർക്കപ്പെട്ടും കൂട്ടിയിണയ്ക്കപ്പെട്ടുംകൊണ്ട്, സ്നേഹത്തിൽ അതിന്റെതന്നെ കെട്ടുപണിക്കായി

ശരീരത്തിന്റെ വളർച്ചയ്ക്ക് ഇടയാക്കുന്നു.

3. ശരീരത്തെ അറിയുന്നതിനും ശരീരത്തിൽ ജീവിക്കുന്നതിനുമായി നാം ജഡത്തോടും, സ്വയത്തോടും, സ്വാഭാവിക സംരചനയോടും ഇടപെടേണ്ടതുണ്ട്—ഗലാ. 2:20; 5:24; മത്താ. 16:24:

| | |
|---|---|
| ഗലാ. 2:20 | ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു; ഇനി ജീവിക്കുന്നത് ഞാൻ അല്ല, ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നു; ഇപ്പോൾ ഞാൻ ജഡത്തിൽ ജീവിക്കുന്ന ജീവനോ വിശ്വാസത്തിൽ, എന്നെ സ്നേഹിക്കുകയും എനിക്കു വേണ്ടി തന്നെത്താൻ ഏൽപ്പിച്ചു കൊടുക്കുകയും ചെയ്ത, ദൈവപുത്രന്റെ വിശ്വാസത്തിൽ ജീവിക്കുന്നു. |
| ഗലാ. 5:24 | എന്നാൽ ക്രിസ്തു യേശുവിനുള്ളവർ ജഡത്തെ അതിന്റെ അഭിനിവേശങ്ങളോടും മോഹങ്ങളോടും കൂടെ, ക്രൂശിച്ചിരിക്കുന്നു. |
| മത്താ. 16:24 | അപ്പോൾ യേശു തന്റെ ശിഷ്യന്മാരോടു പറഞ്ഞു, ആരെങ്കിലും എന്റെ പിന്നാലെ വരുവാൻ ഇച്ഛിച്ചാൽ, അവൻ തന്നെത്താൻ ത്യജിച്ച്, തന്റെ ക്രൂശെടുത്ത്, എന്നെ അനുഗമിക്കട്ടെ. |

a. നാം ഇപ്പോഴും ജഡത്തിനൊത്തവണ്ണവും നമ്മിൽത്തന്നെയും ജീവിക്കുകയും നമ്മുടെ സ്വാഭാവിക പ്രാപ്തിയിൽ സേവിക്കുകയും ചെയ്യുന്നുവെങ്കിൽ, നമ്മിലുള്ള ക്രിസ്തു തന്നെയായ ശരീരജീവൻ പ്രത്യക്ഷമാകുവാൻ കഴിയുകയില്ല, നമുക്ക് ശരീരത്തെ അറിയുവാൻ കഴിയുകയും ഇല്ല.

b. ജഡം ഇടപെടൽ പ്രാപിക്കുകയും, സ്വയം ഉപേക്ഷിക്കപ്പെടുകയും, സ്വാഭാവിക സംരചന തകർക്കപ്പെടുകയും ചെയ്യുമ്പോൾ മാത്രമേ നമുക്ക് ശരീരത്തിന്റെ യാഥാർഥ്യത്തെ സ്പർശിക്കുവാൻ കഴിയുകയുള്ളൂ—1 കൊരി. 12:12; എഫെ. 4:4-6.

| | |
|---|---|
| 1 കൊരി. 12:12 | എന്തെന്നാൽ ശരീരം ഒന്നും, അതിന് പല അവയവങ്ങൾ ഉണ്ടായിരിക്കുകയും, ശരീരത്തിലെ അവയവങ്ങളെല്ലാം പലതായിരിക്കെ, ഒരു ശരീരം ആയിരിക്കുന്നതുപോലെ ആകുന്നു ക്രിസ്തുവും. |
| എഫെ. 4:4 | ശരീരം ഒന്ന് ആത്മാവ് ഒന്ന്, നിങ്ങളുടെ വിളിയുടെ ഏക പ്രത്യാശയിൽ നിങ്ങൾ വിളിക്കപ്പെട്ടതുപോലെ തന്നെ; |
| എഫെ. 4:5 | കർത്താവ് ഒരുവൻ, വിശ്വാസം ഒന്ന്, സ്നാനം ഒന്ന്; |
| എഫെ. 4:6 | എല്ലാവർക്കും മീതെയും എല്ലാവരിലൂടെയും എല്ലാവരിലും ഉള്ളവനായ, എല്ലാവരുടെയും ദൈവവും പിതാവും ഒരുവൻ. |

C. ശരീരത്തെ അറിയുന്നത് വ്യക്തിപരതയോടുള്ള ഒരു ഇടപെടലാണ്; ശരീരത്തെ അറിയാത്തവരെല്ലാം വ്യക്തിപ്രധാനരാണ്—1 കൊരി. 12:14-22.

| | |
|---|---|
| 1 കൊരി. 12:14 | ശരീരം ഒരു അവയവം അല്ല, പലതത്രേ. |

1 കൊരി. 12:15 ഞാൻ കൈ അല്ലാത്തതുകൊണ്ട് ശരീരത്തിലുള്ളതല്ല എന്ന് കാൽ പറയുന്നു എങ്കിൽ, ഇതു നിമിത്തം അത് ശരീരത്തിലുള്ളതല്ല എന്നു വരുന്നില്ല.

1 കൊരി. 12:16 ഞാൻ കണ്ണ് അല്ലാത്തതുകൊണ്ട് ശരീരത്തിലുള്ളതല്ല എന്ന് ചെവി പറയുന്നു എങ്കിൽ, ഇതു നിമിത്തം അത് ശരീരത്തിലുള്ളതല്ല എന്നും വരുന്നില്ല.

1 കൊരി. 12:17 ശരീരം മുഴുവൻ കണ്ണ് എങ്കിൽ കേൾവി എവിടെ? ശരീരം മുഴുവൻ കേൾവി എങ്കിൽ, ഘ്രാണം എവിടെ?

1 കൊരി. 12:18 എന്നാൽ ഇപ്പോൾ ദൈവം അവയവങ്ങളെ, ഓരോന്നായി, അവൻ ഇച്ഛിച്ചതുപോലെ ശരീരത്തിൽ ആക്കിവച്ചിരിക്കുന്നു.

1 കൊരി. 12:19 എല്ലാം ഒരു അവയവം ആയിരുന്നു എങ്കിൽ, ശരീരം എവിടെ?

1 കൊരി. 12:20 എന്നാൽ ഇപ്പോൾ അവയവങ്ങൾ പലതെങ്കിലും ശരീരം ഒന്നത്രേ.

1 കൊരി. 12:21 കണ്ണിന് കൈയ്യോട്, എനിക്ക് നിന്റെ ആവശ്യമില്ല എന്നും; അതുപോലെ തലയ്ക്ക് കാലുകളോട്, എനിക്ക് നിങ്ങളുടെ ആവശ്യമില്ല എന്നും പറയുവാൻ കഴിയില്ല.

1 കൊരി. 12:22 എന്നാൽ ശരീരത്തിൽ ബലം കുറഞ്ഞവ എന്നു തോന്നുന്ന അവയവങ്ങളും ആവശ്യമുള്ളവ ആകുന്നു.

D. വ്യക്തിപ്രധാനരായിരിക്കുവാൻ നാം അപ്രാപ്തരാകുന്നു, ശരീരത്തിലല്ലാത്തവരെ നമുക്ക് വിവേചിച്ചറിയുവാൻ കഴിയുന്നു, ശരീരത്തിന്റെ ക്രമത്തിൽ വെളിപ്പെടുത്തിയിരിക്കുന്ന തലയായ ക്രിസ്തുവിന്റെ അധികാരത്തെ നാം തിരിച്ചറിയുന്നു എന്നിവയാണ് ശരീരത്തെ നാം അറിയുന്നു എന്നതിന്റെ തെളിവുകൾ—വാ. 18.

1 കൊരി. 12:18 എന്നാൽ ഇപ്പോൾ ദൈവം അവയവങ്ങളെ, ഓരോന്നായി, അവൻ ഇച്ഛിച്ചതുപോലെ ശരീരത്തിൽ ആക്കിവച്ചിരിക്കുന്നു.

## IV. അനുഷ്ഠാനത്തിൽ നാം ശരീരത്തെ അറിയേണ്ടതാവശ്യമാകുന്നു—വാ. 20, 27; 15:58:

1 കൊരി. 12:20 എന്നാൽ ഇപ്പോൾ അവയവങ്ങൾ പലതെങ്കിലും ശരീരം ഒന്നത്രേ.

1 കൊരി. 12:27 നിങ്ങൾ ക്രിസ്തുവിന്റെ ശരീരവും, വ്യക്തിഗതമായി അവയവങ്ങളും ആകുന്നു.

1 കൊരി. 15:58 അതുകൊണ്ട് എന്റെ പ്രിയ സഹോദരന്മാരേ, നിങ്ങളുടെ അധ്വാനം കർത്താവിൽ വ്യർഥമല്ല എന്ന് അറിഞ്ഞുകൊണ്ട്, ഉറപ്പുള്ളവരും, അചഞ്ചലരും, എല്ലായ്പ്പോഴും കർത്താവിന്റെ വേലയിൽ വർധിച്ചുവരുന്നവരും ആയിരിക്കുവിൻ.

A. ഒരു സ്ഥലം സഭ ഒരു പ്രത്യേക സ്ഥലത്തുള്ള ക്രിസ്തുവിന്റെ ശരീരത്തിന്റെ ആവിഷ്കാരമാണ്—1:2; 10:32; 12:12-13, 20, 27:

1 കൊരി. 1:2 കൊരിന്തിലുള്ള ദൈവസഭയ്ക്ക്, ക്രിസ്തു യേശുവിൽ, വിശുദ്ധീകരിക്കപ്പെട്ടവരും, എല്ലായിടത്തും അവരുടെയും നമ്മുടെയുമായ, നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ നാമത്തെ വിളിച്ചപേക്ഷിക്കുന്ന എല്ലാവരോടുംകൂടെ വിളിക്കപ്പെട്ട വിശുദ്ധന്മാർക്ക്:

1 കൊരി. 10:32 യെഹൂദന്മാർക്കും യവനന്മാർക്കും, ദൈവത്തിന്റെ സഭയ്ക്കും ഇടർച്ചയായിത്തീരരുത്;

1 കൊരി. 12:12 എന്തെന്നാൽ ശരീരം ഒന്നും, അതിന് പല അവയവങ്ങൾ

ഉണ്ടായിരിക്കുകയും, ശരീരത്തിലെ അവയവങ്ങളെല്ലാം പലതായിരിക്കെ, ഒരു ശരീരം ആയിരിക്കുന്നതുപോലെ ആകുന്നു ക്രിസ്തുവും.

1 കൊരി. 12:13 യെഹൂദന്മാരോ യവനന്മാരോ ആകട്ടെ, അടിമകളോ സ്വതന്ത്രരോ ആകട്ടെ, നമ്മെ എല്ലാവരെയും ഒരു ആത്മാവിൽ ഒരു ശരീരത്തിലേക്ക് സ്നാനപ്പെടുത്തുകയും, എല്ലാവർക്കും ഒരു ആത്മാവിനെ പാനം ചെയ്യുവാൻ നൽകുകയും ചെയ്തു.

1 കൊരി. 12:20 എന്നാൽ ഇപ്പോൾ അവയവങ്ങൾ പലതെങ്കിലും ശരീരം ഒന്നത്രേ.

1 കൊരി. 12:27 നിങ്ങൾ ക്രിസ്തുവിന്റെ ശരീരവും, വ്യക്തിഗതമായി അവയവങ്ങളും ആകുന്നു.

1. ഏക സാർവത്രിക സഭ—ക്രിസ്തുവിന്റെ ശരീരം—അനേകം സഭകൾ—ക്രിസ്തുവിന്റെ ശരീരത്തിന്റെ സ്ഥലപരമായ ആവിഷ്കാരം—ആയിത്തീരുന്നു—റോമ. 12:4-5; 16:1.

റോമ. 12:4 ഒരു ശരീരത്തിൽ പല അവയവങ്ങൾ ഉണ്ടായിരിക്കുകയും, എല്ലാ അവയവങ്ങൾക്കും ഒരേ പ്രവർത്തനം അല്ലാതിരിക്കുകയും ചെയ്യുന്നതുപോലെ,

റോമ. 12:5 പലരായ നാം ക്രിസ്തുവിൽ ഒരു ശരീരവും, വ്യക്തിപരമായി അന്യോന്യം അവയവങ്ങളും ആകുന്നു.

റോമ. 16:1 കെംക്രയയിലുള്ള സഭയിലെ സഭാസേവക, നമ്മുടെ സഹോദരി ഫേബയെ ഞാൻ നിങ്ങൾക്ക് ഭരമേൽപ്പിക്കുന്നു,

2. ക്രിസ്തുവിന്റെ നിസ്തുല ശരീരം സ്ഥലം സഭകളായി ആവിഷ്കരിക്കപ്പെടുന്നു—എഫെ. 4:4; വെളി. 1:4, 11.

എഫെ. 4:4 ശരീരം ഒന്ന് ആത്മാവ് ഒന്ന്, നിങ്ങളുടെ വിളിയുടെ ഏക പ്രത്യാശയിൽ നിങ്ങൾ വിളിക്കപ്പെട്ടതുപോലെ തന്നെ;

വെളി. 1:4 യോഹന്നാൻ ആസ്യയിലുള്ള ഏഴു സഭകൾക്ക്: ഉള്ളവനും ഉണ്ടായിരുന്നവനും വരുന്നവനുമായവനിൽ നിന്നും, അവന്റെ സിംഹാസനത്തിനു മുമ്പിലുള്ള ഏഴ് ആത്മാക്കളിൽ നിന്നും,

വെളി. 1:11 അതു പറഞ്ഞത്, നീ കാണുന്നത് ഒരു ചുരുളിൽ എഴുതി ഏഴു സഭകൾക്ക്: എഫെസൊസിനും സ്മുർന്നയ്ക്കും പെർഗ്ഗമൊസിനും തുയഥൈരയ്ക്കും സർദ്ദിസിനും ഫിലദെൽഫ്യയ്ക്കും ലവൊദിക്യക്കും അയയ്ക്കുക.

3. ഓരോ സ്ഥലം സഭയും ക്രിസ്തുവിന്റെ നിസ്തുലമായ, സാർവത്രിക ശരീരത്തിന്റെ ഭാഗം, ശരീരത്തിന്റെ ഒരു സ്ഥലപരമായ ആവിഷ്കാരം, ആണ്—1 കൊരി. 1:2; 12:27.

1 കൊരി. 1:2 കൊരിന്തിലുള്ള ദൈവസഭയ്ക്ക്, ക്രിസ്തു യേശുവിൽ, വിശുദ്ധീകരിക്കപ്പെട്ടവരും, എല്ലായിടത്തും അവരുടെയും നമ്മുടെയുമായ, നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ നാമത്തെ വിളിച്ചപേക്ഷിക്കുന്ന എല്ലാവരോടുംകൂടെ വിളിക്കപ്പെട്ട വിശുദ്ധന്മാർക്ക്:

1 കൊരി. 12:27 നിങ്ങൾ ക്രിസ്തുവിന്റെ ശരീരവും, വ്യക്തിഗതമായി അവയവങ്ങളും ആകുന്നു.

4. നമുക്ക് ശരീരത്തെ അറിയാമെങ്കിൽ, നമ്മുടെ പരിഗണനയിൽ ശരീരം ഒന്നാമതായിരിക്കുകയും, സ്ഥലം സഭകൾ രണ്ടാമതായിരിക്കുകയും ചെയ്യും—റോമ. 12:4-5; 16:1, 4, 16.

| | |
|---|---|
| റോമ. 12:4 | ഒരു ശരീരത്തിൽ പല അവയവങ്ങൾ ഉണ്ടായിരിക്കുകയും, എല്ലാ അവയവങ്ങൾക്കും ഒരേ പ്രവർത്തനം അല്ലാതിരിക്കുകയും ചെയ്യുന്നതുപോലെ, |
| റോമ. 12:5 | പലരായ നാം ക്രിസ്തുവിൽ ഒരു ശരീരവും, വ്യക്തിപരമായി അന്യോന്യം അവയവങ്ങളും ആകുന്നു. |
| റോമ. 16:1 | കെംക്രയയിലുള്ള സഭയിലെ സഭാസേവക, നമ്മുടെ സഹോദരി ഫേബയെ ഞാൻ നിങ്ങൾക്ക് ഭരമേൽപ്പിക്കുന്നു, |
| റോമ. 16:4 | അവർ എന്റെ ജീവനുവേണ്ടി തങ്ങളുടെ സ്വന്തം കഴുത്ത് വച്ചുകൊടുത്തു, അവർക്ക് ഞാൻ മാത്രമല്ല ജാതികളുടെ സകല സഭകളും നന്ദി പറയുന്നു; |
| റോമ. 16:16 | വിശുദ്ധ ചുംബനംകൊണ്ട് അന്യോന്യം വന്ദനം ചെയ്യുവിൻ. ക്രിസ്തുവിന്റെ സകല സഭകളും നിങ്ങളെ വന്ദനം ചെയ്യുന്നു. |

B. കർത്താവിന്റെ പ്രത്യുദ്ധാരത്തിൽ ഒരു വേല മാത്രമേയുള്ളൂ—ശരീരത്തിന്റെ വേല; നാം ഇന്ന് ചെയ്യുന്നത് നമ്മുടെ വ്യക്തിപരമായ വേലയല്ല, ദൈവത്തിന്റെ വ്യവസ്ഥയുടെ വേലയാണ്—ക്രിസ്തുവിന്റെ ശരീരത്തിന്റെ കെട്ടുപണി—1 കൊരി. 15:58; 16:10; കൊലൊ. 2:19; എഫെ. 4:4, 12, 16.

| | |
|---|---|
| 1 കൊരി. 15:58 | അതുകൊണ്ട് എന്റെ പ്രിയ സഹോദരന്മാരേ, നിങ്ങളുടെ അധ്വാനം കർത്താവിൽ വ്യർഥമല്ല എന്ന് അറിഞ്ഞുകൊണ്ട്, ഉറപ്പുള്ളവരും, അചഞ്ചലരും, എല്ലായ്പ്പോഴും കർത്താവിന്റെ വേലയിൽ വർധിച്ചുവരുന്നവരും ആയിരിക്കുവിൻ. |
| 1 കൊരി. 16:10 | തിമൊഥെയൊസ് വന്നാൽ, അവൻ നിങ്ങളോടൊപ്പം നിർഭയനായിരിക്കുവാൻ നോക്കുവിൻ; ഞാൻ ചെയ്യുന്നതുപോലെ, അവനും കർത്താവിന്റെ വേല ചെയ്യുന്നു. |
| കൊലൊ. 2:19 | തലയെ മുറുകെപ്പിടിക്കാതെ തന്നെ. അവനിൽ നിന്നല്ലോ ശരീരം മുഴുവൻ, സന്ധികളും ഞരമ്പുകളും മുഖാന്തരം സമ്പന്ന സഹായം ലഭിച്ചും കൂട്ടിയിണയ്ക്കപ്പെട്ടുംകൊണ്ട്, ദൈവത്തിന്റെ വളർച്ചയാൽ വളരുന്നത്. |
| എഫെ. 4:4 | ശരീരം ഒന്ന് ആത്മാവ് ഒന്ന്, നിങ്ങളുടെ വിളിയുടെ ഏക പ്രത്യാശയിൽ നിങ്ങൾ വിളിക്കപ്പെട്ടതുപോലെ തന്നെ; |
| എഫെ. 4:12 | അത് നാം എല്ലാവരും വിശ്വാസത്തിന്റെയും ദൈവപുത്രനെക്കുറിച്ചുള്ള പൂർണ പരിജ്ഞാനത്തിന്റെയും ഒരുമയിലേക്ക്, പൂർണവളർച്ച പ്രാപിച്ച മനുഷ്യനിലേക്ക്, ക്രിസ്തുവിന്റെ നിറവിന്റെ വലിപ്പത്തിന്റെ അളവിലേക്ക് എത്തിച്ചേരുവോളം, |
| എഫെ. 4:16 | അവനിൽനിന്ന് ശരീരം മുഴുവനും, സമ്പന്ന സഹായത്തിന്റെ സകല സന്ധിയിലൂടെയും ഓരോ അംഗത്തിന്റെ അളവിലുള്ള, വ്യാപാരത്തിലൂടെയും കൂട്ടിച്ചേർക്കപ്പെട്ടും കൂട്ടിയിണയ്ക്കപ്പെട്ടുംകൊണ്ട്, സ്നേഹത്തിൽ അതിന്റെതന്നെ കെട്ടുപണിക്കായി ശരീരത്തിന്റെ വളർച്ചയ്ക്ക് ഇടയാക്കുന്നു. |

**V. ബൈബിളിന്റെ ഉപദേശവും നമ്മുടെ ആത്മിക അനുഭവവും അനുസരിച്ച്, ക്രിസ്തുവിന്റെ ശരീരബോധം എന്ന് വിളിക്കപ്പെടുന്ന ഒന്നുണ്ട്—1 കൊരി. 12:26-27; 2 കൊരി. 11:28-29:**

| | |
|---|---|
| 1 കൊരി. 12:26 | ഒരു അവയവം കഷ്ടം അനുഭവിക്കുന്നു എങ്കിൽ, എല്ലാ അവയവങ്ങളും അതിനോടുകൂടെ കഷ്ടം അനുഭവിക്കുന്നു; ഒരു അവയവം മഹത്വപ്പെടുന്നു എങ്കിൽ, എല്ലാ അവയവങ്ങളും അതിനോടുകൂടെ സന്തോഷിക്കുന്നു. |
| 1 കൊരി. 12:27 | നിങ്ങൾ ക്രിസ്തുവിന്റെ ശരീരവും, വ്യക്തിഗതമായി അവയവങ്ങളും ആകുന്നു. |
| 2 കൊരി. 11:28 | സൂചിപ്പിക്കാത്തവ കൂടാതെ ഇതും ഉണ്ട്: ദിനംതോറും എന്റെ മേൽ ഞെരുക്കുന്ന വിചാരങ്ങളുടെ കൂട്ടമായ, സകല സഭകൾക്കും വേണ്ടിയുള്ള ഉത്കണ്ഠാപൂർവകമായ കരുതൽ. |
| 2 കൊരി. 11:29 | ആർ ബലഹീനനായിട്ട് ഞാൻ ബലഹീനൻ ആകാതിരിക്കുന്നു? ആർ ഇടറിയിട്ട് ഞാൻതന്നെ എരിയാതിരിക്കുന്നു? |

A. ക്രിസ്തുവിന്റെ ശരീരബോധം ക്രിസ്തുവിന്റെ ആസ്വാദനത്തിൽനിന്നു വരുന്നു—കൊലൊ. 2:16-19:

| | |
|---|---|
| കൊലൊ. 2:16 | അതുകൊണ്ട് ഭക്ഷിക്കുകയും കുടിക്കുകയും ചെയ്യുന്നതിലോ, വിരുന്ന്, കറുത്തവാവ്, ശബ്ബത്ത് എന്നിവയെ സംബന്ധിച്ചോ ആരും നിങ്ങളെ വിധിക്കാതിരിക്കട്ടെ, |
| കൊലൊ. 2:17 | അവ വരുവാനുള്ളവയുടെ നിഴലാകുന്നു, എന്നാൽ ദേഹമോ ക്രിസ്തുവിന്റേതാകുന്നു. |
| കൊലൊ. 2:18 | സ്വയം തിരഞ്ഞെടുത്ത താഴ്മയിലും ദൂതന്മാരെ ആരാധിക്കുന്നതിലും താൻ കണ്ട കാര്യങ്ങളിൽ വസിച്ചുകൊണ്ടും തന്റെ മനസ്സിനെ ജഡത്തിൽ ഉറപ്പിച്ച് വ്യർഥമായി നിഗളിച്ചുകൊണ്ടും ആരും നിങ്ങളുടെ സമ്മാനത്തിന് അയോഗ്യരായി വിധിച്ച് നിങ്ങളെ വഞ്ചിക്കാതിരിക്കട്ടെ, |
| കൊലൊ. 2:19 | തലയെ മുറുകെപ്പിടിക്കാതെ തന്നെ. അവനിൽ നിന്നല്ലോ ശരീരം മുഴുവൻ, സന്ധികളും ഞരമ്പുകളും മുഖാന്തരം സമ്പന്ന സഹായം ലഭിച്ചും കൂട്ടിയിണയ്ക്കപ്പെട്ടുംകൊണ്ട്, ദൈവത്തിന്റെ വളർച്ചയാൽ വളരുന്നത്. |

1. നമ്മുടെ ഭക്ഷണമായും പാനീയമായും ശ്വാസമായും നാം ആസ്വദിക്കുന്ന പ്രിയപ്പെട്ടവനും വിലയേറിയവനുമായവൻ ശരീരത്തിന്റെ തലയാണ്—1 കൊരി. 10:3-4; യോഹ. 20:22; കൊലൊ. 1:18; 2:19.

| | |
|---|---|
| 1 കൊരി. 10:3 | എല്ലാവരും ഒരേ ആത്മിക ആഹാരം ഭക്ഷിച്ചു, |
| 1 കൊരി. 10:4 | എല്ലാവരും ഒരേ ആത്മിക പാനീയം കുടിച്ചു; അവർ തങ്ങളെ പിന്തുടർന്ന ആത്മിക പാറയിൽ നിന്ന് കുടിച്ചു, ആ പാറ ക്രിസ്തു ആയിരുന്നു. |
| യോഹ. 20:22 | ഇതു പറഞ്ഞശേഷം അവൻ അവരിലേക്ക് ഊതി, അവരോട്, പരിശുദ്ധാത്മാവിനെ കൈക്കൊള്ളുവിൻ. |
| കൊലൊ. 1:18 | അവൻ സഭ എന്ന ശരീരത്തിന്റെ തലയാകുന്നു; അവൻതന്നെ എല്ലാറ്റിലും ഒന്നാമത് ആകേണ്ടതിന്, അവൻ ആരംഭവും മരിച്ചവരിൽനിന്ന് ആദ്യജാതനും ആകുന്നു; |
| കൊലൊ. 2:19 | തലയെ മുറുകെപ്പിടിക്കാതെ തന്നെ. അവനിൽ |

നിന്നല്ലോ ശരീരം മുഴുവൻ, സന്ധികളും ഞരമ്പുകളും മുഖാന്തരം സമ്പന്ന സഹായം ലഭിച്ചും കൂട്ടിയിണയ്ക്കപ്പെട്ടുംകൊണ്ട്, ദൈവത്തിന്റെ വളർച്ചയാൽ വളരുന്നത്.

2. നാം ആസ്വദിക്കുന്നത് വാസ്തവത്തിൽ തലയായ ക്രിസ്തുവിന്റേതായ ചിലതാണ്; അങ്ങനെ, നാം ക്രിസ്തുവിനെ ആസ്വദിക്കുമ്പോൾ, അത് അവനെ വ്യക്തിനിഷ്ഠമായും അനുഭവപരമായും നമ്മുടെ തലയായിരിക്കുവാൻ ഇടയാക്കുന്നു—എഫെ. 3:8, 17; 4:15.

എഫെ. 3:8 സകല വിശുദ്ധന്മാരിലും ഏറ്റവും ചെറിയവനിലും ചെറിയവനായ എനിക്ക്, ജാതികളോട് ക്രിസ്തുവിന്റെ അപ്രമേയ ധനത്തെ സുവിശേഷമായി അറിയിക്കുവാനും,

എഫെ. 3:17 അത് ക്രിസ്തു വിശ്വാസത്താൽ നിങ്ങളുടെ ഹൃദയങ്ങളിൽ തന്റെ ഭവനം പണിയുവാനും, അത് നിങ്ങൾ സ്നേഹത്തിൽ വേരൂന്നി അടിസ്ഥാനപ്പെട്ട്,

എഫെ. 4:15 സ്നേഹത്തിൽ സത്യത്തെ മുറുകെപ്പറ്റിക്കൊണ്ട്, തലയായ ക്രിസ്തുവിലേക്കു നാം സകലത്തിലും വളരേണ്ടതിനു തന്നെ,

3. നാം ക്രിസ്തുവിനെ ആസ്വദിക്കുമ്പോൾ, തലയായ അവൻ നമ്മെ ശരീരബോധമുള്ളവരായിത്തീരുവാൻ ഇടയാക്കുന്നു—കൊലൊ. 2:19.

കൊലൊ. 2:19 തലയെ മുറുകെപ്പിടിക്കാതെ തന്നെ. അവനിൽ നിന്നല്ലോ ശരീരം മുഴുവൻ, സന്ധികളും ഞരമ്പുകളും മുഖാന്തരം സമ്പന്ന സഹായം ലഭിച്ചും കൂട്ടിയിണയ്ക്കപ്പെട്ടുംകൊണ്ട്, ദൈവത്തിന്റെ വളർച്ചയാൽ വളരുന്നത്.

B. ക്രിസ്തുവിന്റെ ശരീരത്തിന്റെ ബോധം നമ്മുടെ ഉള്ളിലുള്ള ക്രിസ്തുവിന്റെ ജീവന്റെ ബോധമാണ്—3:4, 15; റോമ. 8:2, 6, 10-11; 12:4-5:

കൊലൊ. 3:4 നമ്മുടെ ജീവനായ ക്രിസ്തു വെളിപ്പെടുമ്പോൾ നിങ്ങളും അവനോടുകൂടെ തേജസ്സിൽ വെളിപ്പെടും.

കൊലൊ. 3:15 ക്രിസ്തുവിന്റെ സമാധാനം നിങ്ങളുടെ ഹൃദയങ്ങളിൽ തീർപ്പുകൽപ്പിക്കട്ടെ, അതിലേക്കല്ലോ നിങ്ങളെ ഏക ശരീരത്തിൽ വിളിച്ചത്; നന്ദിയുള്ളവരായും ഇരിക്കുവിൻ.

റോമ. 8:2 എന്തെന്നാൽ ജീവന്റെ ആത്മാവിന്റെ പ്രമാണം എന്നെ പാപത്തിന്റെയും മരണത്തിന്റെയും പ്രമാണത്തിൽനിന്ന് ക്രിസ്തു യേശുവിൽ സ്വതന്ത്രനാക്കിയിരിക്കുന്നു.

റോമ. 8:6 ജഡത്തിൽ ഉറപ്പിച്ചിരിക്കുന്ന മനസ്സ് മരണം ആകുന്നു, എന്നാൽ ആത്മാവിൽ ഉറപ്പിച്ചിരിക്കുന്ന മനസ്സ് ജീവനും സമാധാനവും ആകുന്നു.

റോമ. 8:10 എന്നാൽ ക്രിസ്തു നിങ്ങളിൽ ഉണ്ടെങ്കിലോ, ശരീരം പാപം നിമിത്തം മരിച്ചതെങ്കിലും, ആത്മാവ് നീതി നിമിത്തം ജീവൻ ആകുന്നു.

റോമ. 8:11 യേശുവിനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചവന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നുവെങ്കിൽ, ക്രിസ്തുവിനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചവൻ നിങ്ങളിൽ വസിക്കുന്ന തന്റെ ആത്മാവിലൂടെ നിങ്ങളുടെ മർത്യശരീരങ്ങൾക്കും ജീവൻ

നൽകും.

റോമ. 12:4 ഒരു ശരീരത്തിൽ പല അവയവങ്ങൾ ഉണ്ടായിരിക്കുകയും, എല്ലാ അവയവങ്ങൾക്കും ഒരേ പ്രവർത്തനം അല്ലാതിരിക്കുകയും ചെയ്യുന്നതുപോലെ,

റോമ. 12:5 പലരായ നാം ക്രിസ്തുവിൽ ഒരു ശരീരവും, വ്യക്തിപരമായി അന്യോന്യം അവയവങ്ങളും ആകുന്നു.

1. ക്രിസ്തുവിന്റെ ശരീരം നമ്മിൽ ഓരോരുത്തരിലുമുള്ള, നാമ്മോടുകൂടെ ഇഴുകിച്ചേർന്ന ജീവനായ ക്രിസ്തുവിനാൽ രൂപപ്പെട്ടതാണ്—കൊലൊ. 3:4; 2:19.

കൊലൊ. 3:4 നമ്മുടെ ജീവനായ ക്രിസ്തു വെളിപ്പെടുമ്പോൾ നിങ്ങളും അവനോടുകൂടെ തേജസ്സിൽ വെളിപ്പെടും.

കൊലൊ. 2:19 തലയെ മുറുകെപ്പിടിക്കാതെ തന്നെ. അവനിൽ നിന്നല്ലോ ശരീരം മുഴുവൻ, സന്ധികളും ഞരമ്പുകളും മുഖാന്തരം സമ്പന്ന സഹായം ലഭിച്ചും കൂട്ടിയിണയ്ക്കപ്പെട്ടുംകൊണ്ട്, ദൈവത്തിന്റെ വളർച്ചയാൽ വളരുന്നത്.

2. ക്രിസ്തുവിന്റെ ശരീരബോധത്തെ സംബന്ധിച്ച്, നമ്മുടെ ഉള്ളിലുള്ള ദിവ്യജീവന്റെ ബോധത്തോടുകൂടെ നാം ആരംഭിക്കണം—റോമ. 8:6.

റോമ. 8:6 ജഡത്തിൽ ഉറപ്പിച്ചിരിക്കുന്ന മനസ്സ് മരണം ആകുന്നു, എന്നാൽ ആത്മാവിൽ ഉറപ്പിച്ചിരിക്കുന്ന മനസ്സ് ജീവനും സമാധാനവും ആകുന്നു.

C. ക്രിസ്തുവിന്റെ ശരീരം സാർവത്രികമാണ്, നമ്മുടെ ഉള്ളിലുള്ള ജീവൻ സാർവത്രികമാണ്, ശരീരബോധവും സാർവത്രികമാണ്—1 കൊരൊ. 12:26-27; 2 കൊരി. 11:28-29:

1 കൊരി. 12:26 ഒരു അവയവം കഷ്ടം അനുഭവിക്കുന്നു എങ്കിൽ, എല്ലാ അവയവങ്ങളും അതിനോടുകൂടെ കഷ്ടം അനുഭവിക്കുന്നു; ഒരു അവയവം മഹത്വപ്പെടുന്നു എങ്കിൽ, എല്ലാ അവയവങ്ങളും അതിനോടുകൂടെ സന്തോഷിക്കുന്നു.

1 കൊരി. 12:27 നിങ്ങൾ ക്രിസ്തുവിന്റെ ശരീരവും, വ്യക്തിഗതമായി അവയവങ്ങളും ആകുന്നു.

2 കൊരി. 11:28 സൂചിപ്പിക്കാത്തവ കൂടാതെ ഇതും ഉണ്ട്: ദിനംതോറും എന്റെ മേൽ ഞെരുക്കുന്ന വിചാരങ്ങളുടെ കൂട്ടമായ, സകല സഭകൾക്കും വേണ്ടിയുള്ള ഉത്കണ്ഠാപൂർവകമായ കരുതൽ.

2 കൊരി. 11:29 ആർ ബലഹീനനായിട്ട് ഞാൻ ബലഹീനൻ ആകാതിരിക്കുന്നു? ആർ ഇടറിയിട്ട് ഞാൻതന്നെ എരിയാതിരിക്കുന്നു?

1. ദിവ്യജീവനും ആത്മാവും നമ്മിലേക്ക് പ്രവേശിച്ചുകഴിഞ്ഞാൽ, നമുക്ക് ഒരു സാർവത്രിക ബോധം—ശരീരബോധം—ഉണ്ടായിരിക്കണം—റോമ. 8:2, 10-11; 12:4-5, 15.

റോമ. 8:2 എന്തെന്നാൽ ജീവന്റെ ആത്മാവിന്റെ പ്രമാണം എന്നെ പാപത്തിന്റെയും മരണത്തിന്റെയും പ്രമാണത്തിൽനിന്ന് ക്രിസ്തു യേശുവിൽ സ്വതന്ത്രനാക്കിയിരിക്കുന്നു.

റോമ. 8:10 എന്നാൽ ക്രിസ്തു നിങ്ങളിൽ ഉണ്ടെങ്കിലോ, ശരീരം പാപം നിമിത്തം മരിച്ചതെങ്കിലും, ആത്മാവ് നീതി നിമിത്തം ജീവൻ ആകുന്നു.

റോമ. 8:11 യേശുവിനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചവന്റെ

| | |
|---|---|
| | ആത്മാവ് നിങ്ങളിൽ വസിക്കുന്നുവെങ്കിൽ, ക്രിസ്തുവിനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചവൻ നിങ്ങളിൽ വസിക്കുന്ന തന്റെ ആത്മാവിലൂടെ നിങ്ങളുടെ മർത്യശരീരങ്ങൾക്കും ജീവൻ നൽകും. |
| റോമ. 12:4 | ഒരു ശരീരത്തിൽ പല അവയവങ്ങൾ ഉണ്ടായിരിക്കുകയും, എല്ലാ അവയവങ്ങൾക്കും ഒരേ പ്രവർത്തനം അല്ലാതിരിക്കുകയും ചെയ്യുന്നതുപോലെ, |
| റോമ. 12:5 | പലരായ നാം ക്രിസ്തുവിൽ ഒരു ശരീരവും, വ്യക്തിപരമായി അന്യോന്യം അവയവങ്ങളും ആകുന്നു. |
| റോമ. 12:15 | സന്തോഷിക്കുന്നവരോടൊപ്പം സന്തോഷിക്കുവിൻ; കരയുന്നവരോടൊപ്പം കരയുവിൻ. |

2. ശരീരത്തെക്കുറിച്ചുള്ള ബോധം ഒരു സാർവത്രിക വിഷയമാണ്, എന്നാൽ നമ്മുടെ സ്വന്തം അനുഭൂതികളും കാഴ്ചപ്പാടുകളും നിമിത്തം ഈ ബോധം നമ്മിൽ പരിമിതപ്പെടുത്തിയിരിക്കുന്നു—സദൃ. 14:10; 2 കൊരി. 6:11-13.

| | |
|---|---|
| സദൃ. 14:10 | ഹൃദയം സ്വന്തദുഃഖത്തെ അറിയുന്നു; അതിന്റെ സന്തോഷത്തിലും അന്യൻ ഇടപെടുന്നില്ല. |
| 2 കൊരി. 6:11 | കൊരിന്ത്യരേ, ഞങ്ങളുടെ വായ് നിങ്ങൾക്ക് തുറന്നിരിക്കുന്നു; ഞങ്ങളുടെ ഹൃദയം വിശാലമായിരിക്കുന്നു. |
| 2 കൊരി. 6:12 | നിങ്ങൾ ഞങ്ങളിൽ ഞെരുങ്ങിയിരിക്കുന്നില്ല, എന്നാൽ നിങ്ങളുടെ അന്തർഭാഗങ്ങളിൽ നിങ്ങൾ ഞെരുങ്ങിയിരിക്കുന്നു. |
| 2 കൊരി. 6:13 | എന്നാൽ ഇങ്ങനെയുള്ള പാരിതോഷികത്തിനായി, നിങ്ങളും വിശാലതയുള്ളവരാകുവിൻ എന്ന് ഞാൻ കുഞ്ഞുങ്ങളോടെന്നപോലെ സംസാരിക്കുന്നു. |

3. കർത്താവിന്റെ തകർക്കൽ നാം എത്രയധികം അനുഭവമാക്കുകയും നമ്മിൽനിന്നും വിടുവിക്കപ്പെടുകയും ചെയ്യുന്നുവോ അത്രയധികം ശരീരത്തെക്കുറിച്ചുള്ള ബോധം സാർവത്രികമാണെന്ന് നാം കണ്ടെത്തും—11:28-29.

| | |
|---|---|
| 2 കൊരി. 11:28 | സൂചിപ്പിക്കാത്തവ കൂടാതെ ഇതും ഉണ്ട്: ദിനംതോറും എന്റെ മേൽ ഞെരുക്കുന്ന വിചാരങ്ങളുടെ കൂട്ടമായ, സകല സഭകൾക്കും വേണ്ടിയുള്ള ഉത്കണ്ഠാപൂർവകമായ കരുതൽ. |
| 2 കൊരി. 11:29 | ആർ ബലഹീനനായിട്ട് ഞാൻ ബലഹീനൻ ആകാതിരിക്കുന്നു? ആർ ഇടറിയിട്ട് ഞാൻതന്നെ എരിയാതിരിക്കുന്നു? |

4. നമുക്ക് ശരീരബോധം ഉണ്ടെങ്കിൽ, മറ്റുള്ളവർ കഷ്ടം സഹിക്കുകയോ അനുഗ്രഹിക്കപ്പെടുകയോ ചെയ്യുമ്പോൾ, നാം അവരുമായി താദാത്മ്യം പ്രാപിക്കുകയും അതേ ബുദ്ധിമുട്ടോ അനുഗ്രഹമോ അനുഭവിക്കുകയും ചെയ്യും.

D. ക്രിസ്തുവിന്റെ ശരീരത്തിലെ അവയവങ്ങളെന്ന നിലയിൽ നമുക്ക് ശരീരത്തെക്കുറിച്ചുള്ള ബോധവും ശരീരത്തെക്കുറിച്ചുള്ള ഒരു അനുഭൂതിയും ഉണ്ടായിരിക്കണം—റോമ. 12:15; 2 കൊരി. 11:28-29:

റോമ. 12:15 സന്തോഷിക്കുന്നവരോടൊപ്പം സന്തോഷിക്കുവിൻ; കരയുന്നവരോടൊപ്പം കരയുവിൻ.

2 കൊരി. 11:28 സൂചിപ്പിക്കാത്തവ കൂടാതെ ഇതും ഉണ്ട്: ദിനംതോറും എന്റെ മേൽ ഞെരുക്കുന്ന വിചാരങ്ങളുടെ കൂട്ടമായ, സകല സഭകൾക്കും വേണ്ടിയുള്ള ഉത്കണ്ഠാപൂർവകമായ കരുതൽ.

2 കൊരി. 11:29 ആർ ബലഹീനനായിട്ട് ഞാൻ ബലഹീനൻ ആകാതിരിക്കുന്നു? ആർ ഇടറിയിട്ട് ഞാൻതന്നെ എരിയാതിരിക്കുന്നു?

1. ശരീരജീവിതം നയിക്കുവാൻ, നാം ശരീരബോധമുള്ളവരായിരിക്കേണ്ടതാവശ്യമാണ്—1 കൊരി. 12:26-27.

   1 കൊരി. 12:26 ഒരു അവയവം കഷ്ടം അനുഭവിക്കുന്നു എങ്കിൽ, എല്ലാ അവയവങ്ങളും അതിനോടുകൂടെ കഷ്ടം അനുഭവിക്കുന്നു; ഒരു അവയവം മഹത്വപ്പെടുന്നു എങ്കിൽ, എല്ലാ അവയവങ്ങളും അതിനോടുകൂടെ സന്തോഷിക്കുന്നു.

   1 കൊരി. 12:27 നിങ്ങൾ ക്രിസ്തുവിന്റെ ശരീരവും, വ്യക്തിഗതമായി അവയവങ്ങളും ആകുന്നു.

2. നമുക്ക് ക്രിസ്തുവിന്റെ ശരീരബോധം ഉണ്ടായിരിക്കുകയും ശരീരത്തിനുവേണ്ടി കരുതുകയും ചെയ്യുന്നുവെങ്കിൽ, നമ്മുടെ ചിന്തകളിലും പ്രവൃത്തികളിലും ശരീരത്തെ നിയന്ത്രകപ്രമാണമായി സ്വീകരിക്കും—എഫെ. 4:15-16.

   എഫെ. 4:15 സ്നേഹത്തിൽ സത്യത്തെ മുറുകെപ്പറ്റിക്കൊണ്ട്, തലയായ ക്രിസ്തുവിലേക്കു നാം സകലത്തിലും വളരേണ്ടതിനു തന്നെ,

   എഫെ. 4:16 അവനിൽനിന്ന് ശരീരം മുഴുവനും, സമ്പന്ന സഹായത്തിന്റെ സകല സന്ധിയിലൂടെയും ഓരോ അംഗത്തിന്റെ അളവിലുള്ള, വ്യാപാരത്തിലൂടെയും കൂട്ടിച്ചേർക്കപ്പെട്ടും കൂട്ടിയിണയ്ക്കപ്പെട്ടുംകൊണ്ട്, സ്നേഹത്തിൽ അതിന്റെതന്നെ കെട്ടുപണിക്കായി ശരീരത്തിന്റെ വളർച്ചയ്ക്ക് ഇടയാക്കുന്നു.

## ശുശ്രൂഷയിൽനിന്നുള്ള ഉദ്ധരണികൾ:

## നാം ശരീരത്തെ അറിയുന്നു എന്നതിന്റെ തെളിവുകൾ

ശരീരത്തെ അറിയുന്നത് വളരെ പ്രായോഗികമായ ഒരു കാര്യമായതിനാൽ, ഒരുവൻ ഇപ്പോൾ ശരീരത്തെ അറിയുന്നുണ്ടോ ഇല്ലയോ എന്ന് നമുക്ക് എങ്ങനെ ഉറപ്പാക്കുവാനാകും? കുറഞ്ഞത് മൂന്ന് രീതികളിൽ നമുക്ക് അത് തെളിയിക്കുവാൻ കഴിയും.

## വ്യക്തിപ്രാധാന്യമുള്ളവനായിരിക്കുവാൻ അപ്രാപ്തനാകുന്നു

ശരീരത്തെ അറിയുന്നതിന്റെ ഒന്നാമത്തെ തെളിവ് നമുക്ക് വ്യക്തിപ്രാധാന്യമുള്ളവരായിരിക്കുവാൻ കഴിയുകയില്ല എന്നതാണ്. നാം പ്രതിപാദിച്ച ഏഴ് കാര്യങ്ങളിലും—ദൈവത്തിന്റെ പദ്ധതിയിലും, ദൈവത്തിന്റെ സൃഷ്ടിപ്പിലും, ദൈവത്തിന്റെ വീണ്ടെടുപ്പിലും, ക്രിസ്തുവിലും, പരിശുദ്ധാത്മാവിലും, ജീവനിലും, കൂട്ടായ്മയിലും—സകലവും ഒന്നും, വേർതിരിക്കാനാവാത്തതും, വ്യക്തിപ്രാധാന്യമില്ലാത്തതുമാണ്. നാം വാസ്തവമായി ശരീരത്തെ അറിയുകയും

ഈ ഏഴ് കാര്യങ്ങളിൽ അടങ്ങിയിരിക്കുന്ന ഒരുമയെ തിരിച്ചറിയുകയും ചെയ്യുന്നുവെങ്കിൽ, വ്യക്തിപ്രാധാന്യം ഉണ്ടായിരിക്കുവാൻ കഴിയുകയില്ല. ഒരുവൻ ശരീരത്തെ അറിയുന്നതിനുമുമ്പ്, അവൻ ഒരു വ്യക്തിപ്രാധാന്യമുള്ളവനാണ്, വ്യക്തിപ്രാധാന്യമുള്ളവനായിരിക്കുവാൻ കഴിയുകയും ചെയ്യും. അവന്റെ ജീവിതവും, അവന്റെ പ്രവൃത്തികളും, അവന്റെ വേലയും, അവന്റെ സേവനവുമെല്ലാം വ്യക്തിപ്രാധാന്യമുള്ളതാണ്. പുറമെ, അവൻ സഹോദരന്മാരുമായി ഒന്നാണെന്ന് തോന്നും, എന്നാൽ യഥാർഥ ഏകോപനമോ ഒരുമിച്ചുള്ള കൂട്ടിച്ചേർക്കലോ ഇല്ല. ജീവനിൽ കൂടുതൽ ആഴത്തിൽ വളരുകയും ശരീരത്തെ ഒരു പരിധിവരെ അറിയുകയും ചെയ്യുന്നതുവരെ, ഒരു ക്രിസ്ത്യാനിയായിരിക്കുകയെന്നത് ഒരു സംഘാത കാര്യമാണെന്നും ശരീരത്തിൽ കൂട്ടായ്മയില്ലാതെ മുന്നോട്ടുപോകുവാൻ കഴിയുകയില്ലെന്നും അവയവങ്ങളുടെ ഏകോപനത്തിൽനിന്നും വേറിട്ടുനിൽക്കുവാൻ കഴിയുകയില്ലെന്നും അവൻ കാണുന്നില്ല. ക്രിസ്തുവിന്റെ ശരീരം അവന് ഒരു പ്രായോഗിക കാര്യമായിത്തീരുന്നു. സഭാജീവിതത്തിൽ അവന് ഇനി ഒറ്റയ്ക്ക് സേവിക്കുവാൻ കഴിയുകയില്ല. തന്റെ ആളത്തത്തിന്റെ ഏറ്റവും ഉള്ളിൽ, മറ്റുള്ളവരുമായി ചേർന്നിരിക്കുന്ന ഒരു ക്രിസ്ത്യാനിയാകേണ്ടതാവശ്യമാണെന്ന് അവന് തോന്നുന്നു. വലുതും പ്രധാനപ്പെട്ടതുമായ പ്രവൃത്തനങ്ങളിലും വേലയിലും മാത്രമല്ല, മറിച്ച് ബൈബിൾ വായനയിലും പ്രാർഥനയിലും പോലും, മറ്റ് അംഗങ്ങളെ കൂടാതെ അവന് ചെയ്യുവാൻ കഴിയുകയില്ല. സഹോദരന്മാരുടെയും സഹോദരിമാരുടെയും ഏകോപനമില്ലാതെ അവന് പ്രവർത്തിക്കുവാനോ, സഭയുടെ പിന്തുണയില്ലാതെ അവന് ജീവിക്കുവാനോ കഴിയില്ല. ഈ ഘട്ടത്തിലാണ് അവൻ എല്ലാ വിശുദ്ധന്മാരുമായും സ്വതസിദ്ധമായി കൂടിച്ചേർന്ന് ഒരു ശരീരമായിത്തീരുകയും മേലാൽ വേർപെടാതിരിക്കുകയും ചെയ്യുന്നത്. അതുകൊണ്ട്, ഇപ്പോഴും വ്യക്തിപ്രാധാന്യമുള്ളവരായിരിക്കുവാൻ കഴിയുന്ന എല്ലാവരും ശരീരത്തെ അറിയാത്തവരും, ശരീരത്തെക്കുറിച്ച് യഥാർഥ പരിജ്ഞാനമുള്ള എല്ലാവരും നിശ്ചയമായും വ്യക്തിപ്രാധാന്യമുള്ളവരായിരിക്കുവാൻ കഴിയാത്തവരുമാണ്.

## ശരീരത്തിലല്ലാത്തവരെ വിവേചിച്ചറിയുന്നത്

ശരീരത്തെ നാം അറിയുന്നു എന്നതിന്റെ രണ്ടാമത്തെ തെളിവ് മറ്റുള്ളവർ ശരീരത്തിലാണോ അല്ലയോ എന്ന് വിവേചിച്ചറിയാനുള്ള പ്രാപ്തിയാണ്. ശരീരത്തെ അറിയാൻ ഇടവന്ന ഒരുവൻ വളരെ പ്രായോഗികമായ രീതിയിൽ ശരീരത്തിൽ ജീവിക്കുന്നുവെന്നു മാത്രമല്ല, മറ്റുള്ളവർ ശരീരത്തിൽ ജീവിക്കുന്നുണ്ടോ ഇല്ലയോ എന്ന് വ്യക്തമായി വിവേചിച്ചറിയുവാൻ കഴിയുന്നവനുമാണ്.

ശരീരത്തെ അറിഞ്ഞതിനു ശേഷമുള്ള ഒരുവന്റെ ഈ വിവേചന പ്രാപ്തി, കർത്താവിൽ അവനുള്ള കൂട്ടായ്മയുടെ ആഴമേറിയ വ്യാപ്തി നിമിത്തമാണ്. നമ്മുടെ ആത്മിക ജീവിതത്തിന്റെ പ്രാരംഭ ഘട്ടത്തിൽ ആരംഭിച്ച് നാലാമത്തെ ഘട്ടത്തിലൂടെ തുടരുന്ന നമ്മുടെ ജീവിതാനുഭവത്തിന് ആനുപാതികമായി കർത്താവുമായുള്ള നമ്മുടെ കൂട്ടായ്മ ആഴത്തിൽ വളരുന്നു. ജീവിതാനുഭവത്തിൽ നാം പുരോഗമിക്കുമ്പോൾ കൂട്ടായ്മയുടെ ആഴത്തിന്റെ അളവ് വളരെയധികം വ്യത്യാസപ്പെടുന്നു. കർത്താവിൽ വ്യത്യസ്ത തലങ്ങളിലുള്ള രണ്ട് ആളുകൾ ഒത്തുചേരുമ്പോൾ, ആഴത്തിലുള്ള അനുഭവം ഉള്ളയാൾക്ക് ആഴമില്ലാത്ത അനുഭവമുള്ളയാളുമായി മുന്നോട്ടുപോകുവാനും അവനുമായി കൂട്ടായ്മ ആചരിക്കുവാനും കഴിയുമെങ്കിലും ആ കൂട്ടായ്മ രണ്ടാമത്തവന്റെ അനുഭവത്തിന്

ആനുപാതികമായി പരിമിതമാണ്. ഈ കൂട്ടായ്മ പരിധിക്കപ്പുറത്തേക്ക് പോയാൽ, അത് രണ്ടാമത്തെ അനുഭവമുള്ളവന് തികച്ചും പൊരുത്തമില്ലാത്തതും മനസ്സിലാക്കാൻ കഴിയാത്തതുമായിത്തീരും. അതുകൊണ്ട്, ആഴമേറിയ അനുഭവമുള്ളവന് ആഴമില്ലാത്ത അനുഭവമുള്ളയാളുമായി മുന്നോട്ട് പോകുവാൻ കഴിയുമെങ്കിലും, ആഴമില്ലാത്തയാൾക്ക് ആഴമേറിയ ആളോടൊപ്പം പോകുവാൻ കഴിയുകയില്ല. ആത്മിക കൂട്ടായ്മയിലെ ഒരു വലിയ തത്ത്വമാണിത്.

ഈ തത്ത്വം നിമിത്തമാണ് കർത്താവിൽ ആഴത്തിലുള്ളവർ ആഴമില്ലാത്തവരെ തിരിച്ചറിയുന്നു, എന്നാൽ കർത്താവിൽ ആഴമില്ലാത്തവർ ആഴമുള്ളവരെ വിവേചിച്ചറിയാതിരിക്കുന്നു. കർത്താവ് നമ്മെ നാലാമത്തെ ഘട്ടത്തിലേക്ക് കൊണ്ടുവരുകയും ഈ ഘട്ടത്തിൽ ആഴത്തിലുള്ള കൂട്ടായ്മ ഉണ്ടായിരിക്കുകയും ചെയ്യുന്നുവെങ്കിൽ, മറ്റുള്ളവരും ഈ ഘട്ടത്തിലേക്ക് കൊണ്ടുവരപ്പെട്ടിട്ടുണ്ടോ എന്നും ശരീരത്തെ അറിയുന്നുണ്ടോ എന്നും നമുക്ക് കൂട്ടായ്മയിലൂടെ അറിയുവാൻ കഴിയും. എന്നാൽ നാം നാലാമത്തെ ഘട്ടത്തിൽ എത്താതെയും ശരീരത്തെ അറിയാതിരിക്കുകയും ചെയ്യുന്നെങ്കിൽ, മറ്റുള്ളവരെ വിവേചിക്കുവാൻ നമുക്ക് ഒരു മാർഗവുമില്ല.

നമുക്ക് ഏറ്റവും ആഴമില്ലാത്ത ഒരു ദൃഷ്ടാന്തം ഉപയോഗിക്കാം. നാം വീണ്ടുംജനിക്കുന്നതിനുമുമ്പ് മറ്റുള്ളവർ വീണ്ടുംജനനത്തെക്കുറിച്ച് സംസാരിച്ചപ്പോൾ, അത് നമുക്ക് പൊരുത്തമില്ലാത്തതായി തോന്നി. കൂടാതെ, മറ്റുള്ളവർ വീണ്ടുംജനിച്ചവരാണോ എന്ന് അറിയുവാൻ നാം പ്രാപ്തരായിരുന്നില്ല. നാം മുമ്പേ വീണ്ടുംജനിച്ചവരാണെങ്കിൽ, നമുക്ക് വീണ്ടുംജനനത്തെക്കുറിച്ച് മറ്റുള്ളവരുമായി സംസാരിക്കുവാൻ കഴിയുമെന്നു മാത്രമല്ല, മറ്റുള്ളവർ വീണ്ടും ജനിച്ചവരാണോ എന്ന് നമുക്ക് എളുപ്പത്തിൽ വിവേചിച്ചറിയുവാനും കഴിയും. നാം തീർച്ചയായും വീണ്ടുംജനിച്ചവരാണെന്ന് ഇത് തെളിയിക്കുന്നു.

മറ്റൊരു ദൃഷ്ടാന്തം: നാം ഇതിനകം നമ്മെത്തന്നെ സമർപ്പിക്കുകയും പാപത്തോട് ഇടപെടുന്ന അനുഭവം ഉണ്ടായിരിക്കുകയും ചെയ്യുന്നെങ്കിൽ, ഈ അനുഭവം ഇല്ലാത്തവരെ നമുക്ക് വളരെ എളുപ്പത്തിൽ തിരിച്ചറിയുവാൻ കഴിയും. കർത്താവുമായുള്ള അവരുടെ കൂട്ടായ്മ ഈ ഘട്ടത്തിൽ എത്തിയിട്ടില്ലാത്തതിനാൽ, നാം എന്താണ് പറയുന്നതെന്ന് അവർക്ക് ഒരു ആശയവും ഇല്ലാതിരിക്കുകയും, പ്രതികരിക്കുവാൻ അവർക്ക് കഴിയാതിരിക്കുകയും ചെയ്യും. നേരെമറിച്ച്, നമുക്ക് ഈ അനുഭവം ഉണ്ടായിട്ടില്ലെങ്കിൽ, അവർ സമർപ്പിക്കപ്പെട്ടവരാണോ പാപത്തോട് ഇടപെട്ടവരാണോ എന്ന് നമുക്ക് തിരിച്ചറിയുവാനും കഴിയുകയില്ല.

മറ്റുള്ളവർക്ക് ശരീരത്തെ അറിയാമോ എന്ന് കൂട്ടായ്മയിലൂടെ നമുക്ക് ഉറപ്പാക്കുവാൻ കഴിയുമെന്നു മാത്രമല്ല, ശരീരത്തെ അറിയുന്നതിന്റെ അനുഭവവും കൂട്ടായ്മയുടെ ഒരു കാര്യമാണ്. ഒരുവൻ ശരീരത്തിലാണെങ്കിൽ, അവൻ കൂട്ടായ്മയിലാണ്; ഒരുവൻ ശരീരത്തിലല്ലെങ്കിൽ, അവൻ കൂട്ടായ്മയിലല്ല. മിക്ക ക്രിസ്ത്യാനികളും കൂട്ടായ്മയുടെ സ്ഥാനം, കൂട്ടായ്മയുടെ യാഥാർഥ്യം നഷ്ടപ്പെടുത്തിയിരിക്കുന്നു. ഇത് സൂചിപ്പിക്കുന്നത് അവർ ശരീരത്തെ കാണുന്നില്ലെന്നും ശരീരത്തിൽ ജീവിക്കുന്നില്ലെന്നുമാണ്. അതുകൊണ്ട്, കൂട്ടായ്മയിൽ ജീവിക്കുന്നത് നാം ശരീരത്തെ അറിയുന്നുവെന്ന് തെളിയിക്കുന്നു. നാം വാസ്തവമായി ശരീരത്തെ അറിയുന്നുവെങ്കിൽ, മറ്റുള്ളവർ അതിലാണോ അല്ലയോ എന്ന് നമുക്ക് ഉറപ്പാക്കുവാൻ കഴിയും. മറ്റുള്ളവർ ശരീരത്തിന്റെ യാഥാർഥ്യത്തിൽ ജീവിക്കുവാൻ വന്നിട്ടില്ലാത്തപ്പോൾ, അവർ ശരീരത്തിന്റെ

കൂട്ടായ്മയിലല്ല. ഈ കാര്യത്തിൽ അവർക്കും നമുക്കും ഇടയിൽ കൂട്ടായ്മ ഉണ്ടായിരിക്കാനുള്ള സാധ്യതയില്ല. നാം അവരെ ബന്ധപ്പെടുകയേ വേണ്ടൂ, അപ്പോൾ നാം അത് അറിയുന്നു. നേരെമറിച്ച്, മറ്റുള്ളവർ ശരീരത്തിൽ ഇല്ലെന്ന് നമുക്ക് ഒരിക്കലും മനസ്സിലാക്കുന്നില്ലെങ്കിൽ, നാം ശരീരത്തിലല്ലെന്ന് നാം തെളിയിക്കുന്നു. നാം ശരീരത്തെ അറിഞ്ഞിട്ടില്ല. അതുകൊണ്ട്, മറ്റുള്ളവരെ ബന്ധപ്പെടുമ്പോൾ നമ്മുടെ ആന്തരിക വികാരങ്ങൾ, നാം ശരീരത്തെ അറിയുന്നുണ്ടോ ഇല്ലയോ എന്ന് നമുക്ക് വെളിപ്പെടുത്തുന്നു.

## അധികാരത്തെ തിരിച്ചറിയുന്നത്

ശരീരത്തെ അറിയുന്നതിന്റെ മൂന്നാമത്തെ തെളിവ് അധികാരത്തെ അംഗീകരിക്കുന്നതാണ്. ഒരുവൻ ശരീരത്തെ അറിയുന്നുവോ ഇല്ലയോ എന്നത് അവൻ അധികാരത്തെ അംഗീകരിക്കുന്നുവോ ഇല്ലയോ എന്നതിനെ ആശ്രയിച്ചിരിക്കുന്നു. അധികാരത്തെ അംഗീകരിക്കാത്തവർ ശരീരത്തെ അറിയുന്നില്ല. ശരീരത്തെ അറിയുന്നതും അധികാരത്തെ അംഗീകരിക്കുന്നതും വേർതിരിക്കാനാവാത്തതാണ്. അധികാരത്തെ അംഗീകരിക്കുന്നത് ഒന്നാമത്തെ തെളിവിൽ വ്യക്തിപ്രാധാന്യത്തെക്കുറിച്ച് നാം പരാമർശിച്ചതിനോട് ബന്ധപ്പെട്ടിരിക്കുന്നു. ഒരുവൻ അധികാരത്തെ അംഗീകരിക്കുന്നുവെങ്കിൽ, അവന് ഒരു വ്യക്തിപ്രാധാന്യമുള്ളവനായിരിക്കുവാൻ കഴിയുകയില്ല. താൻ അധികാരത്തെ അംഗീകരിക്കുന്നുണ്ടോ ഇല്ലയോ എന്ന് ഒരുവൻ നിർണ്ണയിക്കണമെങ്കിൽ, അവന് അപ്പോഴും ഒരു വ്യക്തിപ്രാധാന്യമുള്ളവനായിരിക്കുവാൻ സാധിക്കുമോ അല്ലയോ എന്ന് നിർണ്ണയിക്കുക മാത്രമേ ചെയ്യേണ്ടതുള്ളൂ. ഒരു വ്യക്തിപ്രാധാന്യമുള്ളവനായി അവന് അപ്പോഴും ജീവിക്കുവാൻ സാധിക്കുകയും മറ്റുള്ളവരുമായി ഏകോപിക്കാതെ ദൈവത്തെ ഒറ്റയ്ക്ക് സേവിക്കുവാൻ കഴിയുമെന്ന് തോന്നുകയും ചെയ്യുന്നുവെങ്കിൽ, അവൻ അധികാരത്തെ അംഗീകരിക്കുന്നില്ലെന്നും ശരീരത്തെ അറിഞ്ഞിട്ടില്ലെന്നും അവൻ തെളിയിക്കുന്നു. ശരീരത്തിലും ഏകോപനത്തിലും മാത്രമേ അധികാരം വെളിവാക്കപ്പെടുവാൻ കഴിയുകയുള്ളൂ. ഒരു അവയവം വ്യക്തിപ്രാധാന്യമുള്ളവനും ഒറ്റപ്പെട്ടവനുമാണെങ്കിൽ, അധികാരത്തെ സംബന്ധിച്ചിടത്തോളം അവന് മറ്റുള്ളവരുമായി ഒരു ബന്ധവുമില്ല. എന്നാൽ ദൈവം ഒരു ശരീരം ആഗ്രഹിക്കുന്നുവെന്നും, ഈ ശരീരത്തിലെ അവയവങ്ങളായ നമുക്ക് ഒരിക്കലും ഒറ്റയ്ക്ക് മുന്നോട്ട് പോകുവാൻ കഴിയുകയില്ലെന്നും നാം കണ്ടിട്ടുണ്ടെങ്കിൽ (ഒരിക്കൽ നാം ഒറ്റയ്ക്കായാൽ നാം ബന്ധമറ്റവരാകുന്നു), അധികാരത്തെ തിരിച്ചറിയുവാനും, ശരീരത്തിൽ നമ്മുടെ സ്ഥാനം നിലനിർത്തുവാനും, എല്ലാ സഹോദരീസഹോദരന്മാരുമായും ഏകോപിക്കുവാനും നാം പഠിക്കും.

എന്താണ് അധികാരം? അധികാരം എന്നത് ശരീരത്തിന്റെ ക്രമത്തിൽ വെളിപ്പെടുത്തപ്പെട്ടിരിക്കുന്ന തലയായ ക്രിസ്തുവിന്റെ അധികാരമാണ്. ഒരു ഉദാഹരണമായി നമ്മുടെ ഭൗതിക ശരീരത്തെ എടുക്കുക. തല ഏറ്റവും ഉയർന്നതും, മുഴുവൻ ശരീരത്തിന്റെയും അധികാരവുമാണ്; അതിൽനിന്നും, മുഴുവൻ ശരീരത്തിലുടനീളം ക്രമം പ്രകടമാക്കപ്പെടുന്നു. തലയ്ക്കു താഴെ കൈകൾ, ഉടൽ, കാലുകൾ എന്നിവയുണ്ട്. എല്ലാ അവയവങ്ങളും ഒരു നിശ്ചിത ക്രമം പിന്തുടരുന്നു; അതിനാൽ, ഏതൊരു അവയവവും, അത് ബന്ധമറ്റുപോയിട്ടില്ലെങ്കിൽ, അങ്ങനെയുള്ള ഒരു ക്രമത്തിലാണ്. ശരീരത്തോട് ബന്ധിപ്പിച്ചിരിക്കുന്ന ഏതൊരു അവയവവും തീർച്ചയായും ഈ ക്രമത്തിന് കീഴിലാണ്. ഒരുവശത്ത്, അത് ചില

അവയവങ്ങളുടെ അധികാരത്തിൻ കീഴിലാണ്, മറുവശത്ത്, മറ്റ് ചില അവയവങ്ങൾ അതിന്റെ അധികാരത്തിൻ കീഴിലാണ്. ഉദാഹരണത്തിന്, കൈപ്പത്തിക്കു മുകളിൽ കൈമുട്ടും താഴെ വിരലുകളുമുണ്ട്; കൈമുട്ടിന് കൈപ്പത്തിയുടെമേൽ അധികാരമുണ്ട്, കൈപ്പത്തിക്ക് വിരലുകളുടെമേൽ അധികാരമുണ്ട്. ഈ അധികാരം ശരീരത്തിലെ അവയുടെ ക്രമത്തിനനുസരിച്ചും, അവയവങ്ങളുടെ ക്രമത്തിൽ കാണിച്ചിരിക്കുന്നതുപോലെ തലയുടെ അധികാരവുമാണ്. നാം അധികാരത്തെക്കുറിച്ച് സംസാരിക്കുമ്പോൾ, നാം അർഥമാക്കുന്നത് ക്രിസ്തുവിന്റെ ശരീരത്തിന്റെ ക്രമത്തിലൂടെ വെളിവാക്കപ്പെടുന്ന അധികാരത്തെയാണ്. നാമെല്ലാവരും ക്രിസ്തുവിന്റെ ശരീരത്തിലെ അവയവങ്ങളായതിനാൽ, സ്വാഭാവികമായും നമുക്ക് ശരിയായ സ്ഥാനവും ക്രമവുമുണ്ട്. നമ്മുടെ ആത്മാവിൽ നാം പഠിപ്പിക്കപ്പെടുകയും ജഡത്തെ തിരിച്ചറിയാൻ ദൈവത്താൽ നയിക്കപ്പെടുകയും ചെയ്തിട്ടുണ്ടെങ്കിൽ, സ്വയത്തോട് നാം ഇടപെടുകയും സ്വാഭാവിക സംരചന തകർക്കപ്പെടുകയും ചെയ്തിട്ടുണ്ടെങ്കിൽ, സഹോദരീസഹോദരന്മാർക്കിടയിൽ നാം വയ്ക്കപ്പെടുമ്പോൾ നമ്മുടെ സ്വന്തം ക്രമം നമുക്ക് ഉടനടി തിരിച്ചറിയുവാൻ കഴിയും. നമ്മുടെ മുന്നിൽ ആരാണെന്നും നമ്മുടെ പിന്നിൽ ആരാണെന്നും, നമ്മുടെമേൽ അധികാരമുള്ളവൻ ആരാണെന്നും ആരുടെമേലാണ് നമുക്ക് അധികാരമുള്ളതെന്നും നാം അറിയും. എന്നിലുള്ള തലയുടെ അധികാരവും മറ്റുള്ളവരിലുള്ള തലയുടെ അധികാരവും ആരാണ് എനിക്ക് മുകളിലെന്നും ആരാണ് എന്റെ കീഴിലെന്നും വ്യക്തമാക്കുന്നു. സഹോദരന്മാർക്കും സഹോദരിമാർക്കും അവരുടെ സ്വന്തം ക്രമം അറിയാവുന്ന—ആർ ആർക്ക് കീഴടങ്ങണം, ആർ ആരുടെമേൽ അധികാരം നടത്തണം എന്നറിയാവുന്ന—ഒരു കുടുംബം പോലെയാണിത്. ഇത്തരത്തിലുള്ള അധികാരം സങ്കല്പിക്കപ്പെടുന്നതല്ല, അത് തിരഞ്ഞെടുപ്പിലൂടെയുമല്ല, മറിച്ച് ജീവനിലുള്ള സ്വാഭാവിക ക്രമമാണിത്, അത് തലയായ ക്രിസ്തു തന്റെ ശരീരത്തിലെ എല്ലാ അവയവങ്ങളിലും വെളിവാക്കിയിരിക്കുന്നു. സ്വന്തം അഭിപ്രായത്തിനും സ്വാഭാവിക സംരചനയ്ക്കും അനുസൃതമായി ജീവിച്ചുകൊണ്ട് ജഡത്തിൽ ജീവിക്കുന്നവർക്ക് മാത്രമേ അധികാരത്തിനായുള്ള മത്സരത്തിൽ പരസ്പരം വൃത്തികെട്ട സംഘർഷങ്ങളിൽ ഏർപ്പെടുവാൻ കഴിയുകയുള്ളൂ. തങ്ങളുടെ പാഠങ്ങൾ പഠിച്ചിട്ടുള്ള എല്ലാവർക്കും ശരീരത്തിന്മേലുള്ള തലയുടെ അധികാരം തിരിച്ചറിയുവാനും വളരെ സ്വാഭാവികവും തൃപ്തികരവുമായ രീതിയിൽ സ്വന്തം ക്രമത്തിൽ വിശ്രമിക്കുവാനും കഴിയുകയുള്ളൂ. ഇതിന് താഴ്മയുമായോ അഭിമാനവുമായോ യാതൊരു ബന്ധവുമില്ല. അധികാരത്തിനു കീഴിൽ വരുന്നത് ഒരു സ്വാഭാവിക നടപടിക്രമമാണ്, സ്വയം കീഴടങ്ങുവാൻ നിർബന്ധിക്കുന്നതിൽനിന്നും വളരെ അകലെയാണ്. ഇത്തരം ആളുകൾ അധികാരത്തെ തിരിച്ചറിയുകയും ശരീരത്തെ അറിയുകയും ചെയ്യുന്നു, കാരണം അധികാരത്തെ അംഗീകരിക്കുന്നത് ശരീരത്തെ അറിയുന്നതിന് തുല്യമാണ്. അതുകൊണ്ട്, ശരീരത്തെ അറിയുക എന്ന ഈ കാര്യത്തെ അധികാരത്തെ അറിയുക എന്നും വിളിക്കാം.

നമ്മുടെ ശരീരത്തിലെ ക്രമം നമുക്ക് അറിയില്ലെങ്കിൽ, നമ്മുടെ ജീവന്റെ അനുഭവത്തിൽ നാം നാലാമത്തെ ഘട്ടത്തിൽ എത്തിയിട്ടില്ലെന്ന് നാം തെളിയിക്കുന്നു. ആദ്യത്തെ മൂന്ന് ഘട്ടങ്ങളിൽ നാം വിവിധ തരം ഇടപെടലുകളിലൂടെ കടന്നുപോയിട്ടുണ്ടെങ്കിൽ, പ്രത്യേകിച്ച് ജഡത്തോടും, സ്വന്തം അഭിപ്രായത്തോടും, സ്വാഭാവിക സംരചനയോടും ഇടപെടുന്നതിൽ ആത്മാർത്ഥവും

സമഗ്രവുമായിരുന്നെങ്കിൽ, നമ്മുടെ ജീവിതവും സേവനവും ശരീരത്തിന്റെ ഏകോപനത്തിന്റെ രുചിയാൽ നിറഞ്ഞിരിക്കുവാൻ ഇടയാക്കിക്കൊണ്ട് ഉള്ളിലുള്ള പരിശുദ്ധാത്മാവ് ക്രിസ്തുവിന്റെ ശരീരത്തിലെ നമ്മുടെ അതാതു ക്രമം അറിയുവാൻ വളരെ സ്വാഭാവികമായ രീതിയിൽ നമ്മെ നയിക്കും. അങ്ങനെ, ക്രിസ്തുവിന്റെ ശരീരം ക്രമേണ നമ്മുടെ ഇടയിൽ പ്രകടമായിത്തീരും.

ഉപസംഹാരമായി, നാം ശരീരത്തെ അറിയാനിടവരുമ്പോൾ, ഈ അറിവ് എപ്പോൾ നേടിയെന്ന് നമുക്കറിയില്ലായിരിക്കാമെങ്കിലും നമുക്ക് അതിനെക്കുറിച്ച് ബോധവാന്മാരാകുവാൻ കഴിയും; എന്നാൽ നമുക്ക് അതുണ്ടെങ്കിൽ, നമുക്ക് അത് അറിയും. ഇത് ഒരു രോഗത്തിൽനിന്ന് സൗഖ്യം പ്രാപിക്കുന്നതിന് സമാനമാണ്. സൗഖ്യം പ്രാപിക്കുന്നതിന്റെ കൃത്യമായ സമയം വിവേചിച്ചറിയുവാൻ പ്രയാസമാണെങ്കിലും നാം സൗഖ്യം പ്രാപിച്ചുവെന്ന് നമുക്കറിയാം, കാരണം കാഴ്ചയിലും അനുഭൂതിയിലും നാം വ്യത്യസ്തരാണ്. അതുപോലെ, എല്ലാ യഥാർഥ ആത്മിക അറിവിലും, നാം ഏത് ദിവസം, മണിക്കൂർ മിനിറ്റിലാണ് നമുക്ക് പ്രവേശനം ലഭിച്ചതെന്ന് കൃത്യമായി പറയുക എളുപ്പമല്ല, എന്നാൽ അതിന്റെ അനന്തരഫലം വ്യക്തമായി മനസ്സിലാക്കുവാൻ കഴിയും. അതുകൊണ്ട്, ശരീരത്തെക്കുറിച്ച് ഒരുവന് യഥാർഥ അറിവുണ്ടെങ്കിൽ, ഇന്നല്ലെങ്കിൽ നാളെ നാം സൂചിപ്പിച്ച മൂന്ന് തെളിവുകൾ അവൻ പ്രദർശിപ്പിക്കും. ഒന്നാമത്, അവന് ഇനിമേൽ ഒരു വ്യക്തിപ്രാധാന്യമുള്ളവനായിരിക്കുവാൻ കഴിയുകയില്ല. രണ്ടാമത്, മറ്റുള്ളവർ ശരീരത്തിലല്ലാതിരിക്കുമ്പോൾ അവന് അത് പറയുവാൻ കഴിയും. മൂന്നാമത്, സഹോദരീസഹോദരന്മാർക്കിടയിൽ, പ്രത്യേക പ്രയത്നമൊന്നുമില്ലാതെ, ശരീരത്തിലുള്ള സ്വന്തം ക്രമം—ആർക്കാണ് അവന്റെമേൽ അധികാരമുള്ളതെന്നും, ആരുടെമേലാണ് തനിക്ക് അധികാരമുള്ളതെന്നും, അതായത്, തലയുടെ അധികാരം ആരിലാണെന്ന്—അവന് വ്യക്തമായി അറിയാം. ഈ മൂന്ന് കാര്യങ്ങളും നാം ശരീരത്തെ അറിയുന്നതിന്റെ തെളിവുകളാണ്. (*The Collected Works of Witness Lee*, 1953, vol. 3, “The Experience of Life,” pp. 489-493)